# VIJAYABHERI

## MALAPPURAM DISTRICT PANCHAYATH EDUCATIONAL PROJECT 2021-22

# STEP-UP

## ACCOUNTANCY WITH COMPUTERISED ACCOUNTING

## Class XII



# ആമുഖം

വിദ്യാഭ്യാസപരമായി ഏറ്റവും പുറകിൽ നിന്നിരുന്ന മലപ്പുറം ജില്ല കഴിഞ്ഞ കുറച്ചു വർഷങ്ങൾ കൊണ്ടുണ്ടാക്കിയ നേട്ടങ്ങൾ അഭൂതപൂർവമാണ്. എസ്. എസ്. എൽ. സി, പ്ലസ്ടു, വി. എച്ച്.എസ്.ഇ ഫലത്തിന്റെ കാര്യത്തിൽ മാത്രമല്ല എ പ്ലസ്സ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിലും വിവിധ മത്സരപരീക്ഷകളിലും നമ്മൾ ഏറെ മുന്നേറി. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ കാര്യത്തിൽ മറ്റു ജില്ലകൾക്ക് നമ്മൾ മാതൃകയാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിജയഭേരി വിദ്യാഭ്യാസ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ, ജനപ്രതിനിധികള് , എസ്. എസ്., ഡയറ്റ്, വിദ്യാഭ്യാസ ഓഫീസർമാർ ഒപ്പം എല്ലാ നല്ല പ്രവർത്തനങ്ങൾക്കും കൂടെ നിൽക്കുന്ന അധ്യാപകർ എന്നിവരാണ് ഈ നേട്ടങ്ങൾക്കു പിന്നിൽ.

നേട്ടങ്ങൾ ആഘോഷിക്കുന്നതിനോടൊപ്പം അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന മേഖലകൾ ഇനിയും ഏറെയുണ്ട്. 10 - ാം ക്ലാസ്സിൽ നിന്നും വിജയം നേടി പ്ലസ്സ് 1, വി. എച്ച്.എസ്.ഇ ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനം വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി സിലബസ് പിന്തുടരുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നവരാണ്. കോവിഡ് കാരണം സ്കൂൾ പ്രവർത്തി ദിനങ്ങൾ നഷ്ടപ്പെട്ടതോടെ ഭൂരിപക്ഷം വിദ്യാർത്ഥികളും പഠന പ്രയാസങ്ങൾ അനുഭവിക്കുന്നു ഈയൊരു പശ്ചാത്തലത്തിൽ പ്ലസ്ടു, വി. എച്ച്. എസ്. ഇ. തലത്തിൽ വിവിധ വിഷയങ്ങൾ അനായാസകരമായി പഠിക്കുന്നതിനും എല്ലാ വിദ്യാത്ഥികളും പ്ലസ്ടു, വി. എച്ച്. എസ്.ഇ പരീക്ഷകളിൽ മികച്ച വിജയം ഉറപ്പു വരുത്തുന്നതിനായി **സ്റ്റെപ്പ് - അപ്പ് 22** എന്ന പേരിൽ പ്രത്യേക മെറ്റീരിയൽ വിജയഭേരി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സ്കൂളുകളിലെത്തിക്കുകയാണ്. തീർച്ചയായും ഈ മെറ്റീരിയൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പഠനസഹായി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകിയ മലപ്പുറം ഡയറ്റ്, ഹയർ സെക്കണ്ടറി ജില്ലാ കോർഡിനേറ്റർ/അസിസ്റ്റന്റ് കോർഡിനേറ്റർ, ശില്പശാലയിൽ പങ്കെടുത്ത അധ്യാപകർ എന്നിവർക്കുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

സ്കൂൾതലത്തിൽ അനുയോജ്യമായ സമയം കണ്ടെത്തി രക്ഷിതാക്കളുടെ സഹകരണത്തോടെ ഈ പഠനപ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകണം. അതിനായി എല്ലാ അധ്യാപകരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

| **പ്രസിഡണ്ട്** | **ചെയർപേഴ്സൺ** | **അസി: ഡയറക്ടർ** | **ആർ.ഡി.ഡി** | **പ്രിൻസിപ്പാൾ** |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ആരോഗ്യ വിദ്യാഭ്യാസ | വി..എച്ച്. എസ് .ഇ | മലപ്പുറം | ഡയറ്റ് |
| മലപ്പുറം | സ്ഥിരം സമിതി | മലപ്പുറം | | മലപ്പുറം |

*Prepared by:*

1. ABDUSSALAM K
   HSST Jr. COMMERCE
   GHSS EDAPPAL

2. Dr. NISHA K M
   HSST COMMERCE
   GHSS MATTUMMAL
   ATHAVANAD

3. Dr. PRAVEEN A C
   HSST COMMERCE
   KHMHSS ALATHIYUR

4. MOHAMMED ASHRAF K K
   HSST COMMERCE
   GOVT . HSS OMANOOR

5. MUSTHAFA THOTTOLIL
   HSST COMMERCE
   GHSS PATTIKKAD

6. SHAHUL HAMEED V K
   NVT COMMERCE
   GOVT. VHSS PARAVANNA

7. SREEJA V S
   NVT COMMERCE
   GMVHSS VENGARA

| CONTENTS (ഉള്ളടക്കം) | |
|---|---|
| **Chapter (അധ്യായങ്ങൾ )** | **Page (പേജ് )** |
| 1. Business, Trade and Commerce<br>വ്യാപാരം, കച്ചവടം, വാണിജ്യം | 1-5 |
| 2. Forms of Business Organisation<br>ബിസിനസ്സ് സംഘടനകളുടെ വിവിധ രൂപങ്ങൾ | 6-13 |
| 3. Private, Public and Global Enterprises<br>സ്വകാര്യ, പൊതു, ആഗോള സംരംഭങ്ങൾ | 14-16 |
| 4. Business Services<br>ബിസിനസ്സ് സേവനങ്ങൾ | 17-21 |
| 5. Emerging Modes of Business<br>ബിസിനസ്സിൽ പുതുപുത്തൻ രീതികൾ | 22-24 |
| 6. Social Responsibilities of Business and Business Ethics<br>ബിസിനസ്സിന്റെ സാമൂഹ്യ ഉത്തരവാദിത്തങ്ങളും ധാർമികമൂല്യങ്ങളും | 25-27 |
| 7. Formation of a Company<br>കമ്പനി രൂപീകരണം | 28-32 |
| 8. Source of Business Finance<br>ബിസിനസ്സ് ധനത്തിന്റെ ഉറവിടങ്ങൾ | 33-38 |
| 9. Small Business<br>ചെറുകിട ബിസിനസ്സ് | 39-43 |
| 10. Internal Trade<br>ആഭ്യന്തര വ്യാപാരം | 44-48 |
| 11. International Business I<br>അന്താരാഷ്ട്ര ബിസിനസ്സ് I | 49-52 |
| 12. International Business II<br>അന്താരാഷ്ട്ര ബിസിനസ്സ് II | 53-57 |

# CHAPTER - 1
# BUSINESS, TRADE AND COMMERCE
## (അദ്ധ്യായം 1 - വ്യാപാരം ,കച്ചവടം, വാണിജ്യം)

## Introduction (ആമുഖം)

All human beings require different types of goods and services to satisfy their needs. Business is 'an economic activity concerned with production and sale of goods and services required by people'.

ഓരോ മനുഷ്യനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിവിധങ്ങളായ സാധനങ്ങളും സേവനങ്ങളും ആവശ്യമാണ്. സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം, വിൽപ്പന എന്നിവയു മായി ബന്ധപ്പെട്ട ഒരു സാമ്പത്തിക പ്രവർത്തനമാണ് ബിസിനസ്.

## Economic Activities and Non Economic Activities
**(സാമ്പത്തിക പ്രവർത്തനങ്ങളും സാമ്പത്തികേതര പ്രവർത്തനങ്ങളും )**

Every person engages in different activities in daily life. Of these some activities generate income and others give mental satisfaction to us. Activities which generate income are Economic activities and others are Non - economic activities.

എല്ലാ വ്യക്തികളും നിത്യജീവിതത്തിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഇവയിൽ ചിലത് നമുക്ക് വരുമാനം നൽകുന്നു, മറ്റു ചിലത് മാനസിക സംതൃപ്തി നൽകുന്നു. ഇതിൽ വരുമാനം നൽകുന്ന പ്രവർത്തന ങ്ങളെ സാമ്പത്തിക പ്രവർത്തനങ്ങളെന്നും മറ്റുള്ളവയെ സാമ്പത്തികേതര പ്രവർ ത്തനങ്ങളെന്നും അറിയപ്പെടുന്നു.

## Types of Economic Activities (സാമ്പത്തിക പ്രവർത്തനങ്ങളുടെ തരങ്ങൾ)

Business, Profession and Employment are different types of Economic Activities.
ബിസിനസ്, പ്രൊഫഷൻ, തൊഴിൽ എന്നിവയാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ തരങ്ങൾ

## CONCEPT OF BUSINESS (ബിസിനസ്സിന്റെ ആശയം)

The Word 'Business' is derived from 'Busy'. Busyness (Business) means the state of being busy. It is an Occupation in which people regularly engage in activities related to purchase, production and sale of goods and services to earn profit.

മനുഷ്യന്റെ പ്രവർത്തനങ്ങളെ സാമ്പത്തിക പ്രവർത്തനങ്ങളെന്നും സാമ്പത്തികേതര പ്രവർ ത്തനങ്ങളെന്നും രണ്ടായി തരം തിരിക്കാവുന്നതാണ്. ലാഭം ലക്ഷ്യമാക്കി ഉപഭോക്തൃ സംതൃപ്തിയിലൂടെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം, വിതരണം, വിപണനം എന്നീ പ്രവർത്തനങ്ങൾ തുടർ ച്ചയായി ചെയ്യുന്നതിനെ ബിസിനസ് എന്നു പറയുന്നു.

## <u>Features or Characteristics of Businesss</u> (ബിസിനസിന്റെ സവിശേഷതകൾ)

1.An Economic Activity for earning money or lively hood.
ദൈനംദിന ജീവിതത്തിനാവശ്യമായ പണം സമ്പാദിക്കുന്നതിനായുലള്ള ഒരു സാമ്പത്തിക പ്രവർത്തനം.

2.Production or Procurement of Goods & Services
ബിസിനസ് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, മറ്റു ഉൽപാദകരിൽ നിന്നും വാങ്ങുകയോ ചെയ്യുന്നു.

3.Sale or Exchange of Goods & Services between the seller and the buyer.

വാങ്ങുന്നവനും വിൽക്കുന്നവനും തമ്മിലുള്ള  സാധനങ്ങളുടെയോ സേവനങ്ങളുടെയോ കൈമാറ്റം.

4.Dealing in Goods & Services on Regular basis. A Single activity can not be called Business.
സാധനങ്ങളുടെയോ സേവനങ്ങളുടെയോ ഇടപാടുകൾ സ്ഥിരമായിട്ടായിരിക്കണം. ഒരൊറ്റ ഇടപാടിനെ ബിസിനസായി പരിഗണിക്കാനാവില്ല.

5.The main purpose or objective behind every business is to maximise profit.
ഏതൊരു വിസിനസിന്റെയും ലക്ഷ്യം ലാഭം വർദ്ദിപ്പിക്കുക എന്നതാണ്.

6.Uncertainty of Return. It is not sure the amount of capital invested will get back.
വരുമാനത്തിലെ അനിശ്ചിതത്വം. ബിസിനസിൽ നിക്ഷേപിച്ച തുക തിരിച്ചുകിട്ടുമെന്ന് യാതൊരു ഉറപ്പുമില്ല.

7. Every business is surrounded with Risks or Uncertainties.
എല്ലാ ബിസിനസുകളും അനിശ്ചിതത്വം അല്ലെങ്കിൽ നഷ്ടസാധ്യതകൾ നിറഞ്ഞതാണ്.

## <u>Objectives of Businesss (ബിസിനസിന്റെ ലക്ഷ്യങ്ങൾ)</u>

Objectives of business can be classified as Economic objectives and Social objectives. Earning Profit, Market standing, Innovation, Productivity Growth and expansion etc are Economic objectives. Providing quality goods, Creation of employment opportunities, etc. are important Social objectives.

ബിസിനസിന്റെ ലക്ഷ്യങ്ങളെ സാമ്പത്തിക ലക്ഷ്യങ്ങൾ സാമൂഹിക ലക്ഷ്യങ്ങൾ എന്നിങ്ങനെ തരം തിരിക്കാം. ലാഭം നേടുക, വിപണിയിലെ നിലനിൽപ്പ്, നവീകരണം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിവ സാമ്പത്തിക ലക്ഷ്യങ്ങളിൽപെടുന്നു. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയവ ബിസിനസിന്റെ  സാമൂഹിക ലക്ഷ്യങ്ങളാണ്.

## Classification of Business Activities (ബിസിനസ് പ്രവർത്തനങ്ങളുടെ തരംതിരിവുകൾ)

Business activities can be broadly classified into; INDUSTRY and COMMERCE.
ബിസിനസ് പ്രവർത്തനങ്ങളെ വാണിജ്യം , വ്യവസായം എന്നിങ്ങനെ രണ്ടായി തരം തിരിക്കാം.

### I. INDUSTRY

Economic activities connected with conversion of raw materials into finished goods is called Industry.

അസംസ്കൃത വസ്തുക്കളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന സാമ്പത്തികപ്രവർത്തനമാണ് വ്യവസായം.

## Types of Industries (വ്യവസായങ്ങളുടെ തരങ്ങൾ)

### 1.Primary Industries (പ്രാഥമിക വ്യവസായങ്ങൾ )

It is concerned with extraction of natural resources and reproduction and development of living organisms.

പ്രകൃതി വിഭവങ്ങളുടെ ശേഖരണം, ജീവനുള്ള വസ്തുക്കളുടെ പ്രത്യുൽപ്പാദനം, വികസനം എന്നിവ യുമായി ബന്ധപ്പെട്ടിരി ക്കുന്ന വ്യവസായമാണ് പ്രാഥമിക വ്യവസായം.

a) **Extractive Industries (പ്രകൃതിജന്യ വ്യവസായങ്ങൾ):** Extract or draw products from natural resources . Eg : farming , mining , hunting and fishing etc.

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, വായു എന്നിവയിൽ നിന്നും ആവശ്യമായ വസ്തുക്കൾ പുറത്തെടുക്കുകയോ, ഖനനം ചെയ്യുകയോ ചെയ്യുന്ന വ്യവസായങ്ങളാണിവ. ഉദാ. കൃഷി, ഖനനം,വേട്ടയാടൽ, മൽസ്യബന്ധനം.

b) **Genetic Industries (ജനിതകവ്യവസായങ്ങൾ ):** Engaged in breeding and development of plants and animals . Eg : Paultry farms, Fish hatchery, etc.
സസ്യങ്ങളുടെയും മൃഗങ്ങളുടെയും പ്രജനനവും പരിപാലനവുമായി ബന്ധപ്പെട്ട വ്യവസായങ്ങളെ ജനിതക വ്യവസായങ്ങൾ എന്നറിയപ്പെടുന്നു.

**2.Secondary Industries (ദ്വിതീയ വ്യവസായങ്ങൾ)**

Uses materials extracted at primary industries, processes materials to produce goods for final consumption. It may be classified into Manufacturing industries and Construction Industries.
പ്രാഥമികവ്യവസായങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെട്ടവ വീണ്ടും പരിഷ്കരിക്കുകയോ, അവ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയോ ചെയ്യുന്ന വ്യവസായങ്ങളാണ് ദ്വിതീയവ്യവസായങ്ങൾ. ദ്വിതീയ വ്യവസായ ങ്ങളെ പ്രധാനമായും ഉൽപ്പാദനവ്യവസായങ്ങൾ,നിർ മ്മാണാത്മകവ്യവസായങ്ങൾ എന്നിങ്ങനെ തരം തിരിക്കാം.

**a) Manufacturing Industries (ഉൽപ്പാദനവ്യവസായങ്ങൾ)**:

Manufacturing industries produces finished products through processing raw materials. It is further classified into Analytical, Synthetic, Processing, and Assembling Industries
അസംസ്കൃത വസ്തുക്കളെ സംസ്കരണപ്രക്രിയയിലൂടെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നു. ഇവയെ വിഘടനവ്യവസായങ്ങൾ സംയോജിതവ്യവസായങ്ങൾ പ്രക്രിയാധിഷ്ഠിതവ്യവസായങ്ങൾ,സംയോജന വ്യവസായങ്ങൾ എന്നിങ്ങനെ വീണ്ടും തരം തിരിക്കാം.

*** Analytical industry** – Separates different elements from the same material. Eg: oil refinery.
പ്രധാന ഉൽപ്പന്നത്തിൽ നിന്നും പല ഘടകങ്ങളാക്കി വേർതിരിച്ചെടുക്കുന്നു. ഉദാ.എണ്ണ ശുദ്ധീകരണശാല

*** Synthetic industry** – Combines various ingredients into a new product. Eg: Cement.
പല ഘടകങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ ഉൽപ്പന്നം നിർമ്മിക്കുന്നു. ഉദാ. സിമന്റ് നിർമ്മാണം.

*** Processing industry** – Go through successive stages for manufacturing a finished product. Eg: sugar, paper, etc.
അസംസ്കൃത വസ്തുക്കളെ പലതരം പ്രക്രിയകളിലൂടെ ഒരു പൂർണ്ണ ഉല്പന്നമാക്കുന്നു. ഉദാ. പഞ്ചസാര, പേപ്പർ

*** Assembling industry** – Assembles different components or parts to make a new product. Eg: TV, Car, Computer etc.
പല ഭാഗങ്ങൾ കൂട്ടിച്ചേർത്ത് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. ഉദാ - ടി.വി, കാർ, കമ്പ്യൂട്ടർ.

**b) Construction Industries (നിർമ്മാണാത്മക വ്യവസായങ്ങൾ)**

Involved in construction of Buildings , Dams , Roads , Bridges, etc.
കെട്ടിടങ്ങൾ, ഡാമുകൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**3.Tertiary Industries (ത്രിതീയ വ്യവസായങ്ങൾ)**

Industries providing support services to Primary and Secondary industries. It include Transport, Banking , Insurance, Communication , Warehousing etc.

പ്രാഥമിക, ദ്വിതീയ വ്യവസായങ്ങൾക്ക്  ആവശ്യമായ സേവനങ്ങൾ നൽകുന്ന വ്യവസായങ്ങളെ ത്രിതീയ വ്യവസായങ്ങൾ എന്നു വിളിക്കുന്നു. ഗതാഗതം, ബാങ്കിംഗ്, ഇൻഷുറൻസ്, ആശയവിനിമയം, വെയർഹൗസിംഗ് തുടങ്ങിയവ.

## II. COMMERCE (വാണിജ്യം)

Commerce can be defined as the sum total of those activities which are engaged in the removal of hindrances of person, place and time in the exchange of commodities.  Commerce includes: a) Trade and b) Auxiliaries or Aids to trade.

സാധനങ്ങളുടെ കൈമാറ്റ പ്രക്രിയയിലെ പ്രതിബന്ധങ്ങളെ തരണം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ആകെത്തുക യാണ് വാണിജ്യം. വാണിജ്യത്തെ a) കച്ചവടം b)കച്ചവടത്തെ സഹായിക്കുന്ന ഘടകങ്ങൾ എന്നിങ്ങനെ തരം തിരിക്കാം.

## Trade (കച്ചവടം)

Trade means buying and selling of goods and services with the aim of earning profit. It helps the movement of goods from producers to consumers.

ലാഭം നേടുക എന്ന ലക്ഷ്യത്തോടെ സാധനങ്ങളും സേവനങ്ങളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനെ കച്ചവടം എന്നറിയപ്പെടുന്നു. ഇത് ഉൽപ്പാദകരിൽ നിന്നും  ഉപഭോക്താക്കളിലേക്കുള്ള സാധനങ്ങളുടെ കൈമാറ്റത്തെ സഹായിക്കുന്നു.

## Types of trade  (വിവിധ തരം കച്ചവടങ്ങൾ)

1. Home trade (ആഭ്യന്തര കച്ചവടം)    2. Foreign trade (വിദേശ കച്ചവടം )

**Home trade or Internal or domestic trade (ആഭ്യന്തര കച്ചവടം) :**

It is concerned with buying and selling of goods and services within the geographical boundaries of a country. This is further classified into two viz, wholesale trade and retail trade.

ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ നടക്കുന്ന സാധനങ്ങളുടെയും സേവനങ്ങ ളുടെയും വാങ്ങലുകളും വിൽപ്പനയും ആഭ്യന്തര കച്ചവടം എന്നറിയപ്പെടുന്നു. ഇവയെ മൊത്തക്കച്ചവടം, ചില്ലറക്കച്ചവടം എന്നിങ്ങനെ രണ്ടായി തരം തിരിക്കാം.

**a) Wholesale trade** - Buying goods from producers in large quantities and selling them to retailers in small quantities.
**മൊത്തക്കച്ചവടം** – ഉൽപ്പാദകരിൽ നിന്നും വൻതോതിൽ സാധനങ്ങൾ വാങ്ങുകയും ചില്ലറ വ്യാപാരികൾക്ക് കുറഞ്ഞ അളവിൽ അവ വിൽക്കുകയും ചെയ്യുന്നു.

**b) Retail trade** - Buying goods from wholesalers and selling them to consumers in relatively smaller quantities.
**ചില്ലറക്കച്ചവടം –** മൊത്ത വ്യാപാരികളിൽ നിന്നും കുറഞ്ഞ അളവിൽ സാധനങ്ങൾ വാങ്ങി  താരതമ്യേന കുറഞ്ഞ അളവിൽ ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്യുന്നു.

**Foreign trade or external or International trade (വിദേശ കച്ചവടം)**

It consists of trade among different nations. It includes a) Import Trade -  Purchase of goods from a foreign country to the home country,  b) Export Trade -  Sold goods to a foreign

country from the home country and c) Entrepot trade - Goods are imported from a foreign country to export them to other countries.

ഒന്നിലധികം രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തെ അന്താരാഷ്ട്ര വ്യാപാരം എന്നറിയപ്പെടുന്നു. ഇതിൽ കയ റ്റുമതി, ഇറക്കുമതി, കയറ്റുമതി ചെയ്യാൻ വേണ്ടിയുള്ള ഇറക്കുമതി എന്നിവ ഉൾപ്പെടും. മറ്റു രാജ്യങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതാണ് ഇറക്കുമതി. വിദേശ രാജ്യങ്ങൾക്ക് സാധനങ്ങൾ വിൽക്കുന്നതാണ് കയറ്റുമതി. ഒരു രാജ്യത്ത് നിന്നും സാധനങ്ങൾ വാങ്ങി മറ്റു രാജ്യങ്ങൾക്ക് വിൽക്കുന്നതാണ് ഓൺട്രേപോ കച്ചവടം.

## Auxiliaries to trade or Aids to trade (വ്യാപാരത്തിനുള്ള സഹായകങ്ങൾ)

### 1. Transportation (ഗതാഗതം)

It facilitates the movement of raw materials to the place of production and the finished goods from factories to the place of consumption. It removes the hindrance of place.

ഉൽപ്പാദനസ്ഥലത്തു നിന്നും ഉപഭോഗ സ്ഥലത്തേക്കുള്ള സാധനങ്ങളുടെ നീക്കത്തെ സഹായിക്കുന്നു. ഇത് സ്ഥല ങ്ങൾ തമ്മിലുള്ള ദൂരതടസ്സം ഇല്ലാതാക്കുന്നു.

### 2. Banking (ബാങ്കിങ്)

Business requires funds for acquiring assets, purchasing raw materials and meeting day to day expenses. Banks provide the necessary funds to business. It removes the hindrance of finance.

ബിസിനസിനാവശ്യമായ പണം നൽകി സഹായിക്കുന്നു. ഇത് സാമ്പത്തിക തടസ്സം നീക്കുന്നു.

### 3. Insurance (ഇൻഷുറൻസ്)

In business, there are many risks like destruction of property by fire, flood, earthquake etc. Insurance provides protection in all such cases. It removes the hindrance of risk.

ബിസിനസിലെ നഷ്ടസാധ്യതകൾക്കുള്ള സംരക്ഷണം നൽകുന്നു. ഇത് നഷ്ടം എന്ന തടസ്സം ലഘൂകരിക്കുന്നു.

### 4 .Warehousing (സംഭരണം)

Goods are not sold immediately after production. They are to be stored until they are sold. Warehousing helps the business to overcome the problem of storage. It removes the hindrance of time.

ഉൽപ്പാദിപ്പിച്ച സാധനങ്ങൾ വിൽക്കുന്നതു വരെ കേടുകൂടാതെ സൂക്ഷിക്കാൻ സഹായിക്കുന്നു. അത് സമയമെന്ന തടസ്സം നീക്കുന്നു.

### 5. Advertising (പരസ്യം)

It provides information about the available goods and services such as their price, uses, quality etc. It induces customers to buy particular items. It removes the hindrance of Knowledge.

പരസ്യങ്ങൾ സാധനങ്ങളുടെ വില, ഗുണമേന്മ, ഉപയോഗം തുടങ്ങി വിവരങ്ങൾ നൽകി ഉൽപ്പന്നം വാങ്ങുവാൻ പ്രേരിപ്പിക്കുന്നു. അത് അറിവിന്റെ തടസ്സം നീക്കുന്നു.

# CHAPTER - 2
# FORMS OF BUSINESS ORGANISATIONS
## (അദ്ധ്യായം 2 - ബിസിനസ്സ് സംഘടനകളുടെ വിവിധ രൂപങ്ങൾ)

## Forms of Business organisations in private sector
**(സ്വകാര്യ മേഖലയിലെ വിവിധതരം ബിസിനസുകൾ)**

1. Sole proprietorship (ഏകാംഗ വ്യാപാരം)
2. Joint Hindu Family Business (ഹിന്ദു കൂട്ടുകുടുംബ ബിസിനസ്)
3. Partnership (പങ്കാളിത്ത ബിസിനസ്)
4. Cooperative Societies (സഹകരണ സംഘങ്ങൾ)
5. Joint stock company (ജോയിന്റ് സ്റ്റോക്ക് കമ്പനികൾ)

## Sole proprietorship (ഏകാംഗ വ്യാപാരം)

Business owned and controlled by a single person is called Sole proprietorship. He only invest capital, bears all risks, and controls the business. The person who conducts sole trading business is called Sole trader or Sole proprietor.

ഒരു വ്യക്തി മാത്രം ബിസിനസിൽ മുതൽമുടക്കുകയും, നഷ്ടസാധ്യതകൾ ഏറ്റെടുക്കുകയും ഭരണം നിർവ്വഹിക്കുകയും ചെയ്യുന്ന ബിസിനസുകളെ ഏകാംഗ ബിസിനസുകൾ എന്ന് വിശേഷിപ്പിക്കാം. ഇത്തരം ബിസിനസ് നടത്തുന്ന വ്യക്തിയെ ഏകാംഗവ്യാപാരി എന്നും വിളിക്കുന്നു.

### Features:

**1. Formation and closure (രൂപികരണവും അടച്ചുപൂട്ടലും):** It can be easily started by anyone as there are no legal formalities.

നിയമപരമായ നടപടിക്രമങ്ങൾ ഇല്ലാത്തതിനാൽ ഇത്തരം ബിസിനസുകൾ എളുപ്പത്തിൽ രൂപീകരിക്കാനും അവസാനിപ്പിക്കാനും കഴിയും.

**2. Liability (ബാധ്യത):** A Sole trader has unlimited liability, i.e; he is personally liable for the debts of the firm .

ഒരു ഏകാംഗ വ്യാപാരിയുടെ ബാധ്യത പരിധിയില്ലാത്തതാണ്. അതായത്, സ്ഥാപനത്തിന്റെ എല്ലാ കടങ്ങൾക്കും അയാൾ വ്യക്തിപരമായി ബാധ്യസ്ഥനായിരിക്കും.

**3. Sole risk bearer and No sharing of profit (ലാഭ നഷ്ടങ്ങൾ ഉടമയുടേത് മാത്രം ):** He alone has to bear all the business risks and he is the sole recipient of all the profits.

ബിസിനസിന്റെ ലാഭം മുഴുവൻ ഏകാംഗവ്യാപാരിക്ക് അവകാശപ്പെട്ടതാണ്. എന്നാൽ ബിസിനസിന്റെ നഷ്ടം മുഴുവൻ അയാൾ ഒറ്റക്ക് സഹിക്കുകയും വേണം.

**4. Control (നിയന്ത്രണം):** He has full control of business and has to take all decision.

വിജയഭേരി മലപ്പുറം

ബിസിനസിന്റെ നിയന്ത്രണം പൂർണ്ണമായും ഉടമസ്ഥനിൽ നിക്ഷിപ്തമാണ്. എല്ലാ തീരുമാനങ്ങളും എടുക്കേണ്ടതും അദ്ദേഹമാണ്.

**5. Continuity (തുടർച്ച):** The death, insanity, insolvency, imprisonment, etc. of the owner may affect the continuity and may lead to closure of business.
ഉടമസ്ഥന്റെ പാപ്പരത്വം, ബുദ്ധിഭ്രമം, മരണം എന്നിവയെല്ലാം ബിസിനസിന്റെ അടച്ചുപൂട്ടലിനു കാരണമാവുകയും ബിസിനസിന്റെ തുടർച്ചയെ ബാധിക്കുകയും ചെയ്യും.

## Merits (ഗുണങ്ങൾ)

**1. Formation and Closure (രൂപീകരണവും അടച്ചുപൂട്ടലും)**
It is easy to start and close the business as per the wish of the owner.
ഇത്തരം ബിസിനസുകൾ എളുപ്പത്തിൽ രൂപീകരിക്കാനും അവസാനിപ്പിക്കാനും കഴിയും.

**2. Quick decision making (സത്വര തീരുമാനം )**: As there is no need to consult others, a sole trader can take quick decisions.
മറ്റുള്ളവരുമായി കൂടിയാലോചന നടത്തേണ്ടതില്ലാത്തതിനാൽ ഏകാംഗവ്യാപാരിക്ക് പെട്ടെന്ന് തീരുമാനങ്ങ ളെടുക്കാൻ കഴിയും.

**3. Confidentiality of business (രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കൽ):** A sole trader can keep all the information related to business operation confidential.
ബിസിനസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും രഹസ്യമാക്കി സൂക്ഷിക്കാൻ ഏകാംഗ വ്യാപാരിക്ക് സാധിക്കുന്നു.

**4. Direct incentive (നേരിട്ടുള്ള പ്രോത്സാഹനം )**: Sole trader is the sole recipient of all profit of business. This provides maximum incentive to be sole trader to work hard.
ബിസിനസിന്റെ മുഴുവൻ ലാഭവും അയാൾക്ക് മാത്രമായതിനാൽ കൂടുതൽ കഠിനാധ്വാനം ചെയ്യാനുള്ള പ്രേരണ ലഭിക്കും.

**5. Efficient performance (കാര്യക്ഷമമായ പ്രകടനം)**: There is a direct relation between effort and reward , a sole trader works efficiently.
പരിശ്രമവും പ്രതിഫലവും തമ്മിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഏകാംഗവ്യാപാരി കാര്യക്ഷമമായി പ്രവർത്തിക്കും.

## Limitations (പരിമിതികൾ)

**1. Limited resources (പരിമിതമായ വിഭവങ്ങൾ)**

The financial resources is limited to his personal savings and borrowing from others.
ഒരു ഏക വ്യാപാരിയുടെ സാമ്പത്തിക സ്രോതസ്സുകൾ അവന്റെ വ്യക്തിഗത സമ്പാദ്യത്തിലും മറ്റുള്ളവരിൽ നിന്ന് കടം വാങ്ങുന്നതിലും പരിമിതപ്പെടുത്തിയിരിക്കുന്നു.

**2. Limited life for Business (പരിമിതമായ കാലദൈർഘ്യം)**

The Death, Insanity or illness of sole trader affects business and can lead to its closure.
ഉടമസ്ഥന്റെ മരണം , അസുഖം, ചിത്തഭ്രമം തുടങ്ങിയവ ബിസിനസിന്റെ പ്രവർത്തനത്തെ ബാധിക്കും.

**3. Unlimited liability (പരിധിയില്ലാത്ത ബാധ്യത)**

As the liability of a sole trader is unlimited, he has to use his personal asset to pay of the debts of the firm if the business assets are insufficient to pay off business debts.
ഏകാംഗ വ്യാപാരിയുടെ ബാധ്യതക്ക് പരിധി ഇല്ലാത്തതിനാൽ സ്വന്തം ആസ്തി ഉപയോഗിച്ചും ബിസിനസിന്റെ നഷ്ടം നികത്തേണ്ടതായി വരും.

**4. Limited managerial ability (ഭരണശേഷിയുടെ അഭാവം )**

A sole trader may not have all the managerial ability to conduct the business.
ബിസിനസ് നടത്താനും മാനേജ് ചെയ്യാനുമുള്ള കഴിവ് ഏകാംഗ വ്യാപാരിക്ക് കുറവായിരിക്കും.

## Joint Hindu Family business(ഹിന്ദു കൂട്ടുകുടുംബ ബിസിനസ്)

It is a special form of business seen only in our country. Owned and carried on by members of Hindu Undivided Family (HUF). It is governed by Hindu law.
ഇന്ത്യയിൽ മാത്രം കണ്ടു വരുന്ന ഒരു പരമ്പരാഗത ബിസിനസ് രൂപമാണ് ഹിന്ദു കൂട്ടുകുടുംബ ബിസിനസ്. ഇത് ഹിന്ദു നിയമപ്രകാരം രൂപീകരിക്കപ്പെട്ടതാണ്.

### Features (പ്രത്യേകതകൾ )

**1. Formation (രൂപീകരണം)**: It is formed and governed by Hindu Succession Act .
ഹിന്ദു പിൻതുടർച്ചാ നിയമപ്രകാരം രൂപീകരിക്കപ്പെട്ടതാണ്.

**2. Liability (ബാധ്യത):**The liability of all members except Karta is limited. Karta has unlimited liability.
കർത്ത ഒഴികെ മറ്റെല്ലാ അംഗങ്ങളുടെയുംബാധ്യത പരിമിതമാണ്. എന്നാൽ കർത്തയുടെ ബാധ്യത പരിധിയില്ലാത്തതാണ്.

**3. Control (നിയന്ത്രണം )**: Karta takes all decisions and manages the business.
ബിസിനസിന്റെ പൂർണ്ണ നിയന്ത്രണം കർത്തയിൽ നിക്ഷിപ്തമാണ്. ബിസിനസ് സംബന്ധമായ എല്ലാ തീരുമാനങ്ങളും എടുക്കുന്നതും അയാളാണ് .

**4. Continuity (ബിസിനസിന്റെ തുടർച്ച)**: Business continues after death of karta. It can be terminated with the consent of all the members
കർത്തയുടെ മരണം ബിസിനസിന്റെ തുടർച്ചയെ ബാധിക്കുന്നില്ല. എല്ലാ അംഗങ്ങളുടെയും പൂർണ്ണ സമ്മതത്തോടെ മാത്രമേ ബിസിനസ് അവസാനിപ്പിക്കാനാവൂ.

**5. Minor members (പ്രായപൂർത്തിയാകാത്ത അംഗങ്ങൾ)**: Membership in HUF is by birth, so there may be minor members also.

ഹിന്ദു കൂട്ടുകുടുംബ ബിസിനസിലെ അംഗത്വം ജന്മം കൊണ്ട് ലഭിക്കുന്നതിനാൽ മൈനറായവരും അംഗങ്ങളാവാൻ സാധ്യതയുണ്ട്.

## Merits (ഗുണങ്ങൾ )

**1. Effective control (കാര്യക്ഷമമായ നിയന്ത്രണം)**: Karta has absolute decision making power. It helps to avoids conflicts.
തീരുമാനങ്ങളെടുക്കാനുള്ള പൂർണ്ണ അധികാരം കർത്തക്ക് ആയതിനാൽ അംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ഇല്ലാതാക്കാനും കൃത്യമായ തിരുമാനങ്ങളെടുക്കാനും സഹായിക്കുന്നു.

**2. Continued business existence (ബിസിനസ് തുടർച്ച ):** Death of karta does not affect business existence.
കർത്തയുടെ മരണം ബിസിനസിന്റെ തുടർച്ചയെ ബാധിക്കുന്നില്ല

**3. Limited liability (ക്ലിപ്ത ബാധ്യത ):** Liability of all co-parceners are limited to their share in ancestral property.
കർത്ത ഒഴികെ മറ്റെല്ലാ അംഗങ്ങളുടെയും ബാധ്യത പരിമിതമാണ്.

**4. Increased loyalty and cooperation (വർധിച്ച സഹകരണവും കൂറും** ): As it is run by family members, better cooperation from members can be ensured.
കുടുംബത്തിലെ അംഗങ്ങൾ ചേർന്നു നടത്തുന്നതായതിനാൽ പരസ്പര സഹകരണം ലഭിക്കും.

## Demerits (പരിമിതികൾ )

1- Limited resources (പരിമിതമായ വിഭവങ്ങൾ)

2- Unlimited liability of karta (കർത്തയുടെ ബാധ്യതക്ക് പരിധിയില്ല)

3- Dominance of karta (കർത്തയുടെ മേൽക്കോയ്മ )

4- Limited managerial skill (പരിമിതമായ മാനേജ്മെന്റ് )

## Partnership (പങ്കാളിത്ത വ്യാപാരം)

Indian Partnership Act 1932 defines Partnership as - “the relation between persons, who have agreed to share the profits of business, carried on by all or any of them acting for all "

ഏതെങ്കിലും ഒരാൾ മറ്റുള്ളവർക്കു വേണ്ടിയോ, എല്ലാവരും ചേർന്നോ നടത്തുന്ന ബിസിനസിന്റെ ലാഭം പങ്കുവെക്കാൻ സമ്മതിച്ചുകൊണ്ടുള്ള വ്യക്തികളുടെ ബന്ധമാണ് പങ്കാളിത്തം.

## Features (പ്രത്യേകതകൾ)

**1. Formation (രൂപീകരണം )** : It is governed by Indian Partnership Act 1932 formed on the basis of mutual agreement or contract between partners.
പങ്കാളികൾ തമ്മിലുള്ള പരസ്പര കരാറിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായതാണ്

**2. Liability (ബാധ്യത ):** The liability of partners are unlimited. Personal assets may be used to repay business debts.

പങ്കാളികളുടെ ബാധ്യത അക്ലിപ്തമാണ്. ബിസിനസിന്റെ കടം വീട്ടാൻ പങ്കാളികളുടെ സ്വകാര്യ സ്വത്തും ഉപയോഗിക്കേണ്ടി വരും.

**3. Risk bearing (നഷ്ടസാധ്യത ഏറ്റെടുക്കൽ )** : Partners as a team takes the risks of business. In case of loss, it is also shared in agreed ratio.
ബിസിനസിന്റെ നഷ്ടസാധ്യത പങ്കാളികൾ ഒന്നിച്ച് ഏറ്റെടുക്കുന്നു. ലാഭമായാലും നഷ്ടമായാലും പങ്കിടും.

**4. Decision making and control (തീരുമാനങ്ങളെടുക്കലും നിയന്ത്രണവും )**: Partners share responsibility of decision making. Decisions are based on mutual consent joint effort of all.
എല്ലാ തീരുമാനങ്ങളും എടുക്കുന്നത് പങ്കാളികളുടെ സമ്മതത്തോടെയായിരിക്കും

**5. Continuity (തുടർച്ച ) :** Retirement, death ,insolvency, etc. of partners affect the continuity of business. പങ്കാളികളുടെ വിരമിക്കൽ, മരണം, പാപ്പരത്വം എന്നിവ ബിസിനസിന്റെ തുടർച്ചയെ ബാധിക്കും.

**6. Number of partners (അംഗത്വം ):** Minimum 2, maximum 100(as per Indian Companies Act 2013) presently maximum is 50.
പങ്കാളികളുടെ ചുരുങ്ങിയ എണ്ണം 2 ഉം പരമാവധി 100 ( കമ്പനീസ് ആക്ട് 2013 പ്രകാരം) ഉം ആണ്.

**7. Mutual agency (പരസ്പര ഏജൻസി ):** It is a business carried on by all or any of them acting for all partners. Partners are both agent and principal.
ഒരാൾ മറ്റുള്ളവർക്കു വേണ്ടിയോ, എല്ലാവരും ചേർന്നോ നടത്തുന്ന ബിസിനസാണ്. പങ്കാളികൾ പരസ്പരം ഏജന്റും പ്രിൻസിപ്പലുമാണ്.

| **Merits (ഗുണങ്ങൾ)** | **Demerits (ദോഷങ്ങൾ)** |
|---|---|
| 1- Ease of formation (എളുപ്പത്തിൽ രൂപീകരിക്കാം)<br>2- Balanced decision making (കൃത്യമായ തീരുമാനങ്ങൾ എടുക്കാം)<br>3- More fund (കൂടുതൽ മൂലധന ലഭ്യത)<br>4- Sharing risks (നഷ്ടസാധ്യതകൾ പങ്കുവെക്കാം)<br>5- Secrecy (രഹസ്യ സ്വഭാവം) | 1. Unlimited liability (അപരിമിതമായ ബാധ്യത)<br>2. Limited resources പരിമിതമായ മൂലധനം)<br>3. Possibility of conflicts (തർക്കങ്ങൾക്കുള്ള സാധ്യത)<br>4. Lack of continuity (തുടർച്ചയില്ലായ്മ)<br>5. Lack of public confidence (പൊതുജന വിശ്വാസമില്ലായ്മ) |

## Partnership Deed (പങ്കാളിത്ത പ്രമാണം)

The written document containing the terms and conditions of partnership business is called Partnership Deed.

പങ്കാളിത്ത ബിസിനസിന്റെ നിബന്ധനകളും വ്യവസ്ഥകളും അടങ്ങിയ രേഖയെ പാർട്ണർഷിപ്പ് ഡീഡ് അല്ലെങ്കിൽ ആർട്ടിക്കിൾസ് ഓഫ് പാർട്ണർഷിപ് എന്ന് വിളിക്കുന്നു.

| **Contents of Deed** | **പങ്കാളിത്ത പ്രമാണത്തിന്റെ ഉള്ളടക്കം** |
|---|---|
| 1. Name of the firm | 1. സ്ഥാപനത്തിന്റെ പേര് |
| 2. Name and Address of Partners | 2. പങ്കാളികളുടെ പേരും മേൽവിലാസവും |
| 3. Capital contributed by each partner | 3. പങ്കാളിയുടെയും മുതൽമുടക്ക് |
| 4. Profit sharing ratio/distribution of profit or loss | 4. ലാഭ നഷ്ട അനുപാതം |
| 5. Period/ Duration of Business | 5. ബിസിനസിന്റെ കാലാവധി |
| 6. Nature and location of business | 6. ബിസിനസിന്റെ സ്വഭാവം |
| 7. Rights and Duties of Partners | 7. അധികാരങ്ങളും ഉത്തരവാദിവാദിത്തവും |
| 8.Provisions of Admission and Retirement of Partners | 8.ചേർക്കലും വിരമിക്കലും |
| 9. Procedure for Dissolution of firm | 9. അടച്ചു പൂട്ടാനുള്ള വ്യവസ്ഥകൾ |
| 10.Method of solving disputes | 10. തർക്ക പരിഹാര വ്യവസ്ഥകൾ |
| 11. Preparation of Accounts and Auditing etc. | 11. അക്കൗണ്ട്, ഓഡിറ്റ് പരിപാലനം |
| 12. Interest on capital and interest on drawings | 12. മൂലധനം, പിൻവലിക്കൽ എന്നിവയുടെ പലിശ |

## Cooperative Societies ( സഹകരണസംഘങ്ങൾ)

Co operative society is a voluntary association of persons who join together with the motive of welfare of its members. Its Registration is compulsory. Working together and for others for a common purpose.

അംഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയാണ് സഹകരണസംഘങ്ങൾ. പൊതുവായ ലക്ഷ്യം നേടുന്നതിനായി ഒരു കൂട്ടം വ്യക്തികൾ ഒരുമിച്ച് രൂപീകരിക്കുന്നവയാണ് സഹകരണ സംഘങ്ങൾ. പരസ്പര സഹായത്തിലൂടെ സ്വയം സഹായം എന്നതാണ് ഇതിന്റെ ആപ്തവാക്യം.

## Features(പ്രത്യേകതകൾ)

1. Voluntary Membership (സ്വമേധയാലുള്ള അംഗത്വം)
2. Legal Status (നിയമപരമായ പദവി)
3. Limited Liability (പരിമിതമായ ബാധ്യത)
4. Control decision making (നിയന്ത്രണം)
5. Service Motive (സേവനം ലക്ഷ്യം)

| Merits (ഗുണങ്ങൾ) | Demerits (ദോഷങ്ങൾ) |
|---|---|
| 1. Equal voting right (തുല്യ വോട്ടവകാശം)<br>2. Limited liability (ക്ലിപ്തമായ ബാധ്യത)<br>3. Stable existence (സ്ഥിരമായ നിലനിൽപ്പ്<br>4. Economy in operations (മെച്ചപ്പെട്ട പ്രവർത്തനം)<br>5. Support from government(സർക്കാർ പിന്തുണ) | 1. Limited resources (പരിമിതമായ വിഭവങ്ങൾ)<br>2.Inefficiency in management (കാര്യക്ഷമതയില്ലായ്മ)<br>3. Lack of secrecy (സ്വകാര്യതക്കുറവ്)<br>4. Government control (ഗവൺമെന്റ് നിയന്ത്രണം)<br>5.Differences of opinion (അഭിപ്രായവ്യത്യാസങ്ങൾ ) |

### Types of societies (സഹകരണ സംഘങ്ങളുടെ തരങ്ങൾ)

1) Consumers Co operative Societies (ഉപഭോക്തൃ സഹകരണ സംഘങ്ങൾ)
2) Producers Co operative Societies (ഉത്പാദക സഹകരണ സംഘങ്ങൾ)
3) Marketing Co operative Societies ( വിപണന സഹകരണ സംഘങ്ങൾ
4) Farmers Co operative Societies (കർഷക സഹകരണ സംഘങ്ങൾ)
5) Credit Co operative Societies (വായ്പാ സഹകരണ സംഘങ്ങൾ)
6) Co operative Housing Societies (സഹകരണ ഹൗസിംഗ് സൊസൈറ്റികൾ)

### Joint stock Company (ജോയിന്റ് സ്റ്റോക്ക് കമ്പനി )

A company is an artificial person created by law having separate legal existence , perpetual succession and common seal. It is governed by Companies Act 2013.

നിയമപരമായ നിലനിൽപ്പും നിരന്തര പിൻതുടർച്ചയും പൊതു മുദ്രയുമുള്ള ഒരു കൃത്രിമവ്യക്തിയാണ് കമ്പനി.

| Features | പ്രത്യേകതകൾ |
|---|---|
| 1. Separate legal entity<br>2. Artificial person – created by law<br>3. Perpetual succession<br>4. Controlled and managed by board of directors.<br>5. Liability limited<br>6. Common seal | 1. പ്രത്യേകമായ നിയമപരമായ അസ്തിത്വം<br>2. കൃത്രിമ വ്യക്തിത്വം - നിയമത്തിന്റെ സൃഷ്ടി.<br>3. സ്ഥായീഭാവം<br>4. ഓഹരി ഉടമകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിനാണ് കമ്പനിയുടെ നിയന്ത്രണം.<br>5. ക്ലിപ്ത ബാധ്യത<br>6. പൊതുമുദ്ര |

| Merits (ഗുണങ്ങൾ) | Demerits (ദോഷങ്ങൾ) |
|---|---|
| 1. Limited liability (ക്ലിപ്ത ബാധ്യത)<br>2. Transfer of shares ( ഓഹരികളുടെ കൈമാറ്റം)<br>3. Perpetual existence (സ്ഥിരമായ നിലനിൽപ് )<br>4. Extensive membership ( വിപുലമായ അംഗത്വം)<br>5. Professional management (പ്രൊഫഷണൽ ഭരണം ) | 1. Complexity in formation (രൂപീകരണത്തിലെ സങ്കീർണ്ണത)<br>2. Lack of secrecy (രഹസ്യത്തിന്റെ അഭാവം)<br>3.Numerous regulations (അനേകംനടപടി ചട്ടങ്ങൾ )<br>4. Delay in decision making (തീരുമാനമെടുക്കുന്നതിലെ കാലതാമസം)<br>5. Oligarchic management (സ്വേച്ഛാഭരണം ) |

## Public Company and Private Company (സ്വകാര്യ കമ്പനിയും പൊതു കമ്പനിയും)

| Basis ( അടിസ്ഥാനം) | Public company (പൊതു കമ്പനി) | Private company (സ്വകാര്യ കമ്പനി) |
|---|---|---|
| Members<br>അംഗങ്ങൾ | Minimum 7, Maximum unlimited<br>കുറഞ്ഞത് 7 ,പരമാവധി പരിധിയില്ല | Minimum 2, Maximum 200<br>കുറഞ്ഞത് 2 പരമാവധി 200 |
| Minimum No.of directors<br>കുറഞ്ഞ ഡയറക്ടർമാരുടെ എണ്ണം | Minimum Three<br>കുറഞ്ഞത് 3 | Minimum two<br>കുറഞ്ഞത് 2 |
| Index of members<br>അംഗങ്ങളുടെ പട്ടിക | Compulsory<br>നിർബന്ധമാണ് | Not compulsory<br>നിർബന്ധമില്ല |
| Transfer of shares<br>ഓഹരികളുടെ കൈമാറ്റം | No restriction<br>നിയന്ത്രണമില്ല | Restriction on transfer<br>നിയന്ത്രണങ്ങൾക്ക് വിധേയം |
| Invitation to public to subscribe shares<br>ഓഹരികൾ വാങ്ങാൻ പൊതുജനത്തെക്ഷണിക്കൽ | Can invite<br>പൊതുജനത്തെ ക്ഷണിക്കാം | Cannot invite<br>പൊതുജനത്തെ ക്ഷണിക്കാനാവില്ല. |

CHAPTER - 3

# Private, Public and Global Enterprises

**(അദ്ധ്യായം 3 – സ്വകാര്യ, പൊതു, ആഗോള സംരഭങ്ങൾ)**

## Private Sector (സ്വകാര്യ മേഖല)

It consists of business owned by individuals or group of individuals privately
സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങൾ

## Public Sector (പൊതുമേഖല)

It consists of organisation owned and managed by Central Government or State Government or both.
കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സംരംഭങ്ങൾ

## Forms of Public Sector Enterprises(പൊതുമേഖല സ്ഥാപനങ്ങളുടെ രൂപങ്ങൾ)

1. Departmental Undertakings (വകുപ്പ് സംരംഭങ്ങൾ)
2. Public Corporations (പൊതു കോർപ്പറേഷനുകൾ)
3. Govt. Companies (സർക്കാർ കമ്പനികൾ)

## Departmental Undertakings (വകുപ്പ് സംരംഭങ്ങൾ)

It is a form of public sector enterprise established as a department of the Ministry
സർക്കാരിന്റെ തീരുമാനമനുസരിച്ച് രൂപീകരിക്കപ്പെടുന്നവ. മന്ത്രിയുടെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു.

## Features (പ്രത്യകതകൾ)

1. Ministry control (മന്ത്രിയുടെ നിയന്ത്രണത്തിലുള്ളത്)
2. Audit control (ഓഡിറ്റ്ംഗ് നിയന്ത്രണങ്ങൾ)
3. Funding through budget (ധനം ബജറ്റ് വഴി അനുവദിക്കുന്നു)
4. Staff appointment and services under Government control
   (ജീവനക്കാരുടെ നിയമനം ,സേവനം സർക്കാർ നിയന്ത്രണത്തിൽ)

| Merits (ഗുണങ്ങൾ) | Demerits (ദോഷങ്ങൾ) |
|---|---|
| 1. Government Control (സർക്കാർ നിയന്ത്രണം)<br>2. Strict Auditing (കർക്കശമായ ഓഡിറ്റിംഗ്)<br>3. National Security (ദേശീയ സുരക്ഷ) | 1. Political Interference (രാഷ്ട്രീയ ഇടപെടൽ)<br>2. Delay in decision making<br>(തീരുമാനങ്ങളെടുക്കുന്നതിലെ താമസം) |

| | |
|---|---|
| 4. Public Accountability (പൊതു ഉത്തരവാദിത്തം ) | 3. Red Tapism (ചുവപ്പു നാട)<br>4. Lack of Flexibility (അയവില്ലായ്മ) |

## Public Corporations (പൊതു കോർപ്പറേഷനുകൾ)

Statutory corporation are autonomous institutions and existence by special Act of Parliament or State Legislature Assembly.
പാർലമെൻറിലോ , നിയമസഭയിലോ പാസാക്കപ്പെട്ട നിയമം മൂലം രൂപീകരിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങൾ.

### Features (പ്രത്യകതകൾ)

1. Formed by Special Act (പ്രത്യേക നിയമം വഴി രൂപീകരണം)
2. Government Ownership (സർക്കാർ ഉടമസ്ഥത)
3. Separate legal existence (നിയമപരമായ സ്വന്തം അസ്ഥിത്വം)
4. Financial Autonomy (സാമ്പത്തിക സ്വയംഭരണ അധികാരം)

| Merits (ഗുണങ്ങൾ) | Demerits (ദോഷങ്ങൾ) |
|---|---|
| a) Autonomous Status (സ്വയം ഭരണ അധികാരമുള്ളത്)<br>b) Flexibility (പ്രവർത്തനം അയവുള്ളതാണ്)<br>c) Service motive (സേവനമാണ് ലക്ഷ്യം)<br>d) Government Control(സർക്കാർ നിയന്ത്രണം) | a) Formation is very difficult( രൂപീകരണം വളരെ ബുദ്ധിമുട്ടുള്ളതാണ്)<br>b) Political Interfere(രാഷ്ട്രീയ ഇടപെടൽ)<br>c) Many rules and regulations (ധാരാളം ചട്ടങ്ങളും നടപടിക്രമങ്ങളും)<br>d) Huge Expenses(ഭാരിച്ച ചെലവ്) |

## Government Company (സർക്കാർ കമ്പനി)

At least 51% share must be held by Government (Central/state or both)
മൂലധനത്തിന്റെ 51% ൽ കുറയാത്ത വിഹിതം കേന്ദ്ര – സംസ്ഥാന സർക്കാരുകളുടേത്.

### Features (പ്രത്യകതകൾ)

1. Registered as per Company Act (കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തത്)
2. Separate Legal Entity (നിയമപരമായി വ്യത്യസ്തമായി അസ്ഥിത്വമുള്ളത്)
3. Its own Separate Legal Entity (സ്വന്തമായി ആർട്ടിക്ക്ൾസ് ഓഫ് അസോസിയേഷൻ ഉള്ളത്)

വിജയഭേരി മലപ്പുറം

4. Staff appointment by Director board (ജീവനക്കാരെ നിയമിക്കുന്നത് ഡയരക്ടർ ബോർഡ് ആണ്)
5. At least 51% share must be held by Government (ഓഹരിയുടെ 51% മെങ്കിലും സർക്കാർ ഉടമസ്ഥതയിൽ)

| **Merits (ഗുണങ്ങൾ)** | **Demerits(ദോഷങ്ങൾ)** |
|---|---|
| a) Formation of Government company is easy<br>കമ്പനി രൂപീകരണം എളുപ്പമാണ്<br>b) It enjoys autonomous<br>സ്വതന്ത്രമായി പ്രവർത്തിക്കുന്നു<br>c) Quick decision<br>പെട്ടെന്ന് തീരുമാനങ്ങളെടുക്കൽ<br>d) Efficient Staff<br>കഴിവുള്ള ഉദ്യോഗസ്ഥർ | a) Possibility of political interference<br>രാഷ്ട്രീയ ഇടപെടൽ സാധ്യത<br>b) Irresponsibility<br>ഉത്തരവാദിത്തമില്ലായ്മ<br>c) Lack of managerial skill<br>ഭരണനിർവ്വഹണ പരിചയത്തിന്റെ അഭാവം<br>d) No initiative<br>മുൻകൈയ്യെടുക്കലിന്റെ അഭാവം |

## Global Enterprises (ആഗോള സംരംഭങ്ങൾ അല്ലെങ്കിൽ ബഹുരാഷ്ട്ര കമ്പനികൾ)

Business Organisation which is registered in one country and also operate in other countries.
ഒരു രാജ്യത്ത് പ്രവർത്തനം തുടങ്ങി മറ്റു രാജ്യങ്ങളിലേക്ക് കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നവ.

## Features (പ്രത്യകതകൾ)

1. High Investment (ഉയർന്ന നിക്ഷേപം)
2. Centralised Control (കേന്ദ്രീകൃത നിയന്ത്രണം)
3. Modern Technology (ആധുനിക സാങ്കേതിക വിദ്യ)
4. International Market (അന്താരാഷ്ട്ര വിപണി)
5. Efficient Management (വിദഗ്ധ മാനേജ്മെന്റ്)
6. Large Size (വലിയ രൂപം)

## Joint Venture (സംയുക്ത സംരംഭം)

A new association of two or more organisations formed by agreement for a common purpose.
രണ്ടോ അതിലധികമോ സ്വതന്ത്ര വ്യാപാര സ്ഥാപനങ്ങൾ ഒരു പൊതു ലക്ഷ്യത്തിന് വേണ്ടി രൂപീകരിക്കുന്ന പുതിയ സംരംഭങ്ങൾ.

Chapter - 4

# BUSINESS SERVICES

## (അദ്ധ്യായം 4 - ബിസിനസ്സ് സേവനങ്ങൾ)

### Nature of services (സേവനങ്ങളുടെ സ്വഭാവം)

1. Intangibility (അദൃശ്യത്വം)
2. Inconsistency (സുസ്ഥിരത ഇല്ലായ്മ)
3. Inseparability (വേർതിരിക്കാൻ കഴിയാത്തത്)
4. Inventory (സ്റ്റോക്ക്)
5. Involvement (പങ്കാളിത്തം)

### Types of services (വിവിധ തരം സേവനങ്ങൾ)

A) Business services (വ്യാപാര സേവനങ്ങൾ)
B) Social services (സാമൂഹിക സേവനങ്ങൾ)
C) Personal services (വ്യക്തിഗത സേവനങ്ങൾ)

### Business services (വ്യാപാര സേവനങ്ങൾ)

a) Banking ( ബാങ്കിംഗ്)
b) Insurance (ഇൻഷുറൻസ്)
c) Transportation (ഗതാഗതം)
d) Warehousing (സംഭരണം)
e) Communication (വാർത്താവിനിമയം)

### Banking (ബാങ്കിംഗ്)

"Accepting for the purpose of lending or investment of deposits of money from the public, repayable on demand or otherwise and withdrawable by cheque, draft order or otherwise"

വായ്പ നൽകുന്നതിനും, നിക്ഷേപിക്കുന്നതിനുമായി പൊതുജനങ്ങളിൽ നിന്നും, ആവശ്യമുള്ളപ്പോഴോ, മറ്റ് രീതിയിലോ തിരിച്ച് തരാമെന്നും, ചെക്കായോ, ഡ്രാഫ്റ്റായോ, ഓർഡറായോ മറ്റു വിധത്തിലോ പിൻവലിക്കാമെന്നുള്ള വ്യവസ്ഥയിൽ നിക്ഷേപങ്ങൾ സ്വീകരിക്കലാണ് ബാങ്കിംഗ്.

### Types of banks (വിവിധ തരം ബാങ്കുകൾ)

1. Commercial banks (വാണിജ്യ ബാങ്കുകൾ)
2. Co-operative banks (സഹകരണ ബാങ്കുകൾ)
3. Specialized banks (വിശേഷവൽകൃത ബാങ്കുകൾ)
4. Central bank (കേന്ദ്ര ബാങ്ക്)



വിജയഭേരി മലപ്പുറം

**Commercial banks (വാണിജ്യ ബാങ്കുകൾ)**

Commercial banks are giving financial assistance to trade and industry.
വാണിജ്യ ബാങ്കുകൾ വാണിജ്യാവശ്യങ്ങൾക്ക് സഹായം നല്കുന്നു.

**Types of commercial banks (വാണിജ്യ ബാങ്കുകൾ രണ്ട് തരത്തിലുണ്ട്)**

1. Public sector banks (പൊതുമേഖല ബാങ്കുകൾ) Eg. SBI, PNB, IOB.
2. Private sector banks (സ്വകാര്യമേഖല ബാങ്കുകൾ) Eg. HDFC, ICICI, AXIS Bank

**Co-operative banks (സഹകരണ ബാങ്കുകൾ)**

These are governed by the Co-operative Societies Act, which provide financial assistance to its members.
സഹകരണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ അംഗങ്ങൾക്ക് ധനസഹായം നല്കുന്നു.

**Specialized Banks (വിശേഷവൽകൃത ബാങ്കുകൾ)**

Providing financial assistance for specific purposes. Eg. EXIM bank, SIDBI, etc..
പ്രത്യേക ആവിശ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

**Central Banks (കേന്ദ്ര ബാങ്ക്)**

It controls all banks in India. The Reserve Bank of India is the central bank of our country.
ഇന്ത്യയിലെ മറ്റല്ലാ ബാങ്കുകളെയും നിയന്ത്രിക്കുന്നു. ആർ ബി ഐ ആണ് ഇന്ത്യയുടെ കേന്ദ്ര ബാങ്ക്.

**Functions of commercial Banks (വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ)**

**a) Acceptance of deposits (നിക്ഷേപങ്ങൾ സ്വീകരിക്കുക)**

Fixed deposit (സ്ഥിര നിക്ഷേപം)

saving deposit (സമ്പാദ്യ നിക്ഷേപം)

Current deposit (കറണ്ട് നിക്ഷേപം)

**b) Lending of money (പണം വായ്പ നൽകൽ )**

Over draft (ഓവർ ഡ്രാഫ്റ്റ്)

Cash credit (ക്യാഷ് ക്രഡിറ്റ്)

Bill discounting (ബിൽ ഡിസ്കൗണ്ടിങ്)

Long term loan (ദീർഘ കാല വായ്പ)

Consumer loan (ഉപഭോക്തൃ വായ്പ)

**c) Cheque facility (ചെക്ക് സൗകര്യം)**

- Bearer Cheque (ബെയറർ ചെക്ക്)
- Crossed cheque (ക്രോസ്ഡ് ചെക്ക്)

**d) Remittance and transfer of funds (പണമടക്കലും കൈമാറ്റം ചെയ്യലും)**

**e) Allied services (മറ്റു സേവനങ്ങൾ)**

- Bill payments (ബില്ലുകൾ തീർപ്പാക്കുക )
- Locker facilities (ലോക്കർ സൗകര്യം)
- Dealing in shares, Debentures, etc. (ഓഹരികൾ ഡിബഞ്ചറുകൾ എന്നിവ കൈകാര്യം ചെയ്യൽ )
- Payment of insurance premium, Electricity bill, Water bill, etc. (ഇൻഷുറൻസ് പ്രീമിയം, കറണ്ട് ബിൽ, ജല ബിൽ തുടങ്ങിയവ അടയ്ക്കൽ)
- **E-Banking (ഇ-ബാങ്കിംഗ്)**

  It means provide banking services through internet. Eg. ATM, EFTS , Debit card, Credit card, Mobile banking

  ബാങ്കിംഗ് സൗകര്യങ്ങൾ ഇന്റർനെറ്റിലൂടെ ലഭിക്കുന്നതാണ് ഇ-ബാങ്കിംഗ്. ഉദാഹരണം: ഓട്ടോമാറ്റഡ് ടെല്ലർ മിഷീൻ, ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സിസ്റ്റം, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് , മൊബൈൽ ബാങ്കിംഗ്.

## Benefit of E-Banking (ഇ-ബാങ്കിന്റെ നേട്ടങ്ങൾ)

1) E- Banking Provides 24 hours services (24 x 365)
   24 മണിക്കൂറും 365 ദിവസവും ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകുന്നു.
2) Customer's can make some of the permitted transactions from office or house or while travelling via mobile phone.
   ഓഫീസിലിരുന്ന്, വീട്ടിലിരുന്ന്, അല്ലെങ്കിൽ യാത്രയിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് ബാങ്കിടപാടുകൾ നടത്താൻ സാധിക്കുന്നു.
3) It creates a sense of financial discipline.
   ഇത് സാമ്പത്തിക അച്ചടക്ക ബോധം ഉണ്ടാക്കുന്നു.
4) Unlimited access to bank.
   ബാങ്കുമായി പരിമിധി ഇല്ലാതെ ഇടപഴകാൻ കഴിയുന്നു.

## Insurance (ഇൻഷുറൻസ്)

Insurance is a contract between insurer and insured to give protection to the properties or life of the insured.

ഇൻഷുറൻസ് കമ്പനി ഇൻഷുറൻസ് എടുത്ത വ്യകതിക്ക് വരുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകാൻ സമ്മതിച്ചുകൊണ്ടുള്ള കരാർ ആണിത്.

## Functions of insurance (ഇൻഷുറൻസിന്റെ ധർമ്മങ്ങൾ)

a) Insurance provide protection (സംരക്ഷണം നൽകുന്നു)
b) Insurance share risk (നഷ്ടപരിഹാരം നൽകുന്നു)
c) Assist in capital formation (രാജ്യത്തിന്റെ മൂലധനം വളർത്തുന്നു)

d) Its help to acquire property (ആസ്ഥികൾ സ്വായത്തമാക്കാൻ സഹായിക്കുന്നു.)

## Principles of Insurance (ഇൻഷുറൻസിന്റെ തത്വങ്ങൾ)

### 1) Utmost good faith (ഉത്തമമായ വിശ്വാസം)

The insured must disclose all relevant matters to insurance company.
**ഇൻഷുറർ** ഇൻഷുറൻസിന് വിധേയമാകുന്ന വിഷയത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും വെളിപ്പെടുത്തണം

### 2) Insurable interest (ഇൻഷുർ ചെയ്യാനുള്ള താല്പര്യം)

Insured should have financial interest in the subject matter of the insurance.
ഇൻഷുറൻസിന് വിധേയമാകുന്ന വിഷയത്തെ കുറിച്ച് ധനപരമായി താല്പര്യം ഉണ്ടാകണം.

### 3) Indemnity (നഷ്ടോത്തരവാദിത്വം)

The insured will get only the actual value of losses.
യഥാർത്ഥ നഷടത്തിനു മാത്രമേ നഷ്ടപരിഹാരം ലഭിക്കൂ.

### 4) Proximate cause ( സമീപസ്ഥ കാരണം)

Only the proximate (nearest) cause of the loss is considered when there are several causes.
ഏറ്റവും അടുത്ത കാരണം കണ്ടെത്തിയാണ് ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

### 5) Subrogation (പരിത്യാഗം)

After claim, Insured will pass all his right of ownership of the subject matter to the insurance company.
നഷ്ടപരിഹാരത്തുക നൽകിയതിന് ശേഷം ഇൻഷുർ ചെയ്തയാളുടെ എല്ലാ അവകാശങ്ങളും ഇൻഷുറൻസ് കമ്പനിക്ക് നല്കണം.

### 6) Contribution (വിഹിതദാനം)

The insured is eligible to receive claim from only one insurer in case of double insurance or proportionately.
ഡബിൾ ഇൻഷുറൻസ് ഉണ്ടെങ്കിൽ നഷ്ടത്തിന്റെ തുക ഇൻഷുറൻസ് കമ്പനികൾ വിഹിതം വെക്കാവുന്നതാണ്.

### 7) Mitigation of loss (നഷ്ട ലഘൂകരണം)

The insured must take reasonable steps to minimise the loss.
അപകടം സംഭവിച്ചാൽ നഷ്ടം ലഘൂകരിക്കാനുള്ള എല്ലാ വഴികളും ഇൻഷുറൻസ് എടുത്ത വ്യക്തി ചെയ്യണം

## Communication Services (വാർത്താവിനിമയ സേവനങ്ങൾ)

It is the flow of information from one to others.
പുറം ലോകവുമായി ബിസിനസ്സിൻറെ ബന്ധം വളർത്തുന്ന സേവനങ്ങളാണ് വാർത്താവിനിമയ സേവനങ്ങൾ.

## Types of communication (പലതരം വാർത്താവിനിമയ സേവനങ്ങൾ)

**Postal services (തപാൽ സേവനങ്ങൾ)**

1. Financial services (സാമ്പത്തിക സേവനങ്ങൾ)
2. Allied service (അനുബന്ധ സേവനങ്ങൾ)

വിജയഭേരി മലപ്പുറം

3. Advertising services (പരസ്യ സേവനങ്ങൾ)
4. Money transfer (പണ വിനിമയം)
5. Passport services (പാസ്പോർട്ട് അപേക്ഷ സൗകര്യങ്ങൾ)
6. Speed post (സ്പീഡ് പോസ്റ്റ്)

**Telecom services (ടെലികോം സേവനങ്ങൾ)**

7. Cellular mobile services (സെല്ലുലാർ മൊബൈൽ സേവനങ്ങൾ)
8. Radio paging services (റേഡിയോ പേജിംഗ് സേവനങ്ങൾ)
9. Direct to home services (ഡയറക്റ്റ് ടു ഹോം സേവനങ്ങൾ)
10. Satellite information technology (സാറ്റലൈറ്റ് വിവര സാങ്കേതിക വിദ്യ സേവനങ്ങൾ )

## Transportation (ഗതാഗതം)

Transportation means movement of goods or person from one place to another.
ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സാധനങ്ങൾ കടത്തികൊണ്ട് പോകുന്നതിന് സഹായിക്കുന്നു.

## Types of Transportation (വിവിധ ഇനം ഗതാഗത മാർഗ്ഗങ്ങൾ)

1. Rail Transport (റെയിൽ ഗതാഗതം)
2. Water Transport (ജല ഗതാഗതം)
3. Air Transport (വിമാന ഗതാഗതം)
4. Road Transport (റോഡ് ഗതാഗതം)

## Warehousing (സംഭരണ ശാല)

Warehousing is a place for storing and protecting goods without damage.
ഉല്പാദിപ്പിച്ച സാധനങ്ങൾ സുരക്ഷിതമായി സംഭരിക്കാനുള്ള സ്ഥലമാണ്.

## Types of Warehousing (വിവിധ തരം സംഭരണ ശാലകൾ)

1. Private Warehouse (സ്വകാര്യ സംഭരണ ശാല)
2. Public Warehouse (പൊതു സംഭരണ ശാല)
3. Government Warehouse (സർക്കാർ സംഭരണ ശാല)
4. Bonded Warehouse (ബോണ്ടഡ് സംഭരണ ശാല)

The bonded Warehouse are licensed by the Govt. to accept imported goods prior to payment of customs duty.

ഇറക്കുമതി ചെയ്ത സാധനങ്ങൾ ഡ്യൂട്ടി അടയ്ക്കുന്നതിന് മുൻപ് സൂക്ഷിക്കാൻ ഗവൺമെൻറിൻറെ ലൈസൻസോടു കൂടി പ്രവർത്തിക്കുന്നവയാണ് ബോണ്ടഡ് സംഭരണ ശാല.

CHAPTER - 5

# EMERGING MODES OF BUSINESS

## (അദ്ധ്യായം 5 - ബിസിനസ്സിലെ പുതുപുത്തൻ രീതികൾ)

---

### e-Business or Electronic Business (ഇ-ബിസിനസ് അല്ലെങ്കിൽ ഇലക്ട്രോണിക് ബിസിനസ്)

e-business may be defined as the conduct of industry, trade and commerce using the computer networks. E-business is a wider term which includes e-commerce and other electronically conducted business functions such as production, accounting, finance, personnel, etc.

കമ്പ്യൂട്ടർ നെറ്റ്‌വർക്കുകൾ ഉപയോഗിച്ച് വ്യവസായം, വ്യാപാരം, വാണിജ്യം എന്നിവയുടെ നടത്തിപ്പിനെയാണ് ഇ-ബിസിനസ് നിർവചിക്കപ്പെടുന്നത്. ഇ-കൊമേഴ്‌സ്, ഉൽപാദനം, അക്കൗണ്ടിംഗ്, ഫിനാൻസ്, പേഴ്‌സണൽ തുടങ്ങിയ ഇലക്ട്രോണിക് രീതിയിൽ നടത്തുന്ന ബിസിനസ് പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വിശാലമായ പദമാണ് ഇ-ബിസിനസ്.

### Scope of e-business or e-Business models (ഇ-ബിസിനസ്സിന്റെ വ്യാപ്തി അല്ലെങ്കിൽ ഇ-ബിസിനസ് മോഡലുകൾ)

**1. B2B Commerce (ബി 2 ബി കൊമേഴ്‌സ്):**

Transaction taking place between business enterprises electronically is called B2B transactions. e.g. placing order with supplier

ഇലക്ട്രോണിക് രീതിയിൽ ബിസിനസ്സ് സ്ഥാപനങ്ങൾക്കിടയിൽ നടക്കുന്ന ഇടപാടിനെ B2B ട്രാൻസാക്ഷൻ എന്ന് വിളിക്കുന്നു. ഉദാ: വിതരണക്കാരനുമായി സാധനങ്ങൾ ഓർഡർ ചെയ്യുൽ.

**2. B2C Commerce (ബി 2 സി കൊമേഴ്‌സ്):**

This is a transaction taking place between business and consumer. e.g.: consumer places an order online

ബിസിനസും ഉപഭോക്താവും തമ്മിൽ നടക്കുന്ന ഇടപാടാണിത്. ഉദാ: ഉപഭോക്താവ് ഓൺലൈനിൽ ഒരു ഓർഡർ നൽകുന്നു.

**3. Intra-B Commerce (ഇൻട്രാ-ബി കൊമേഴ്ണ്):**

Here, parties involved in the electronic transactions are from within a given business firm. e.g.: deal between Marketing and Production Department

ഇവിടെ, ഇലക്ട്രോണിക് ഇടപാടുകളിൽ ഏർപ്പെട്ടിരിക്കുന്ന കക്ഷികൾ ഒരേ ബിസിനസ് സ്ഥാപനത്തിൽ നിന്നുള്ളവരാണ്. ഉദാ: ഒരു സ്ഥാപനത്തിലെ മാർക്കറ്റിംഗ്, പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റുകൾക്കിടയിയിലുള്ള ഇടപാട്.

**4. C2C Commerce (C2C കൊമേഴ്ണ്):**

This is a transaction taking place between a consumer and another consumer e.g.: OLX

ഇത് ഒരു ഉപഭോക്താവും മറ്റൊരു ഉപഭോക്താവും തമ്മിൽ നടക്കുന്ന ഇടപാടാണ് ഉദാ: OLX

## Differences between traditional and e-business

**(പരമ്പരാഗത ബിസിനസ്സും ഇ-ബിസിനസും തമ്മിലുള്ള വ്യത്യാസങ്ങൾ)**

| Basis<br>അടിസ്ഥാനം | Traditional business<br>പരമ്പരാഗത ബിസിനസ്സ് | E-Business<br>ഇ-ബിസിനസ് |
|---|---|---|
| 1. Ease of formation<br>രൂപീകരിക്കാനുള്ള എളുപ്പം | Difficult<br>ബുദ്ധിമുട്ടുള്ളത് | Simple<br>ലളിതം |
| 2. Physical presence<br>ശാരീരിക സാന്നിധ്യം | Required<br>ആവശ്യമാണ് | Not required<br>ആവശ്യമില്ല |
| 3. Operating cost<br>പ്രവർത്തന ചെലവ് | High<br>ഉയർന്നത് | Low<br>താഴ്ന്നത് |
| 4. Opportunity for Interpersonal touch<br>വ്യക്തിഗത ബന്ധത്തിനുള്ള അവസരം | Much more<br>കൂടുതൽ | Less<br>കുറവ് |
| 5. Setting up cost<br>സജ്ജീകരണ ചെലവ് | High<br>ഉയർന്നത് | Low<br>താഴ് ന്നത് |

## Business Process Outsourcing (BPO). ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ് (BPO).

It is a system of getting business tasks accomplished through an outside agency.
ഒരു ബാഹ്യ ഏജൻസി വഴി ബിസിനസ്സ് ടാസ്ക്കുകൾ നേടിയെടുക്കുന്ന ഒരു സംവിധാനമാണിത്.

### Features of BPO (ബിപിഒയുടെ സവിശേഷതകൾ)

**1. It involves contracting out (അതിൽ പുറം കരാർ ചെയ്യൽ ഉൾപ്പെടുന്നു)**

Some works of a business are given to outside agencies on a contract basis. e.g.: a hospital contracts out sanitation work to an outside agency.

ഒരു ബിസിനസ്സിന്റെ ചില പ്രവൃത്തികൾ കരാറടിസ്ഥാനത്തിൽ പുറത്തുനിന്നുള്ള ഏജൻസികൾക്ക് നൽകുന്നു. ഉദാ: ഒരു ആശുപത്രി ശുചീകരണ പ്രവർത്തനങ്ങൾ ഒരു ബാഹ്യ ഏജൻസിക്ക് കരാർ നൽകുന്നു.

**2. Non-core business activities are outsourced (കാതലല്ലാത്ത ബിസിനസ് പ്രവർത്തനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുന്നു)**

Only the non-core activities of the business are outsourced to outside agencies. e.g.: a school contracts out the work of running canteen for its students.

ബിസിനസ്സിന്റെ പ്രധാനമല്ലാത്ത പ്രവർത്തനങ്ങൾ മാത്രമേ പുറത്തുള്ള ഏജൻസികൾക്ക് ഔട്ട്സോഴ്സ് ചെയ്യുന്നുള്ളൂ. ഉദാ: ഒരു സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള കാന്റീന് നടത്തുന്ന ജോലി കരാർ നൽകുന്നു.

### 3. Processes may be outsourced to a captive unit (പ്രക്രിയകൾ ഒരു ക്യാപ്റ്റീവ് യൂണിറ്റിന് ഔട്ട്സോഴ്സ് ചെയ്യാവുന്നതാണ്)

If the task of performing some activity internally is very large, it is beneficial for a company to have a captive unit i.e., a service provider set up for providing services to only one firm.

ആന്തരികമായി ചില പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല വളരെ വലുതാണെങ്കിൽ, ഒരു കമ്പനിക്ക് ഒരു ഉപ യൂണിറ്റ് ഉണ്ടായിരിക്കുന്നത് പ്രയോജനകരമാണ്. ഉപ യൂണിറ്റ് എന്നാൽ, ഒരു സ്ഥാപനത്തിന് മാത്രം സേവനങ്ങൾ നൽകുന്നതിനായി സജ്ജീകരിച്ച ഒരു സേവന ദാതാവ് ആണ്.

## Benefits or Need for outsourcing (ഔട്ട്സോഴ്സിംഗിന്റെ ഗുണങ്ങൾ)

### 1. Focusing of attention (ശ്രദ്ധ കേന്ദ്രീകരിക്കൽ)

It enables the business to concentrate on areas in which it has core competency.

ബിസിനസ്സിന് പ്രധാന കഴിവുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇത് പ്രാപ്തമാക്കുന്നു.

### 2. Quest for excellence ( മികവിനായുള്ള അന്വേഷണം)

Business firms can excel by contracting out their non-core activities to those who excel in performing them.

ബിസിനസ്സ് സ്ഥാപനങ്ങൾക്ക് അവരുടെ കാതലല്ലാത്ത പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിൽ മികവ് പുലർത്തുന്നവർക്ക് കരാർ നൽകുന്നതിലൂടെ മൊത്തത്തിൽ മികവ് പുലർത്താൻ കഴിയും.

### 3. Cost reduction (ചെലവ് ചുരുക്കൽ)

A business can reduce its operating cost by outsourcing some activities to agencies who are specialised in these activities.

വിദഗ്ധരായ ഏജൻസികൾക്ക് ചില പ്രവർത്തനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുന്നതിലൂടെ ഒരു ബിസിനസ്സിന് അതിന്റെ പ്രവർത്തന ചെലവ് കുറയ്ക്കാൻ കഴിയും.

### 4. Growth through alliance (സഖ്യത്തിലൂടെയുള്ള വളർച്ച)

A firm doesn't have to make investment in activities which are outsourced. So it can develop business with minimum investment.

ഔട്ട്സോഴ്സ് ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഒരു സ്ഥാപനം നിക്ഷേപം നടത്തേണ്ടതില്ല. അതിനാൽ കുറഞ്ഞ നിക്ഷേപത്തിൽ ബിസിനസ്സ് വികസിപ്പിക്കാൻ ഇതിന് കഴിയും.

### 5. Fillip to economic development (സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തുക)

Outsourcing stimulates entrepreneurship, employment and export. These lead to economic development.

ഔട്ട്സോഴ്സിംഗ് സംരംഭകത്വം, തൊഴിൽ, കയറ്റുമതി എന്നിവയെ ഉത്തേജിപ്പിക്കുന്നു. ഇവ സാമ്പത്തിക പുരോഗതിയിലേക്ക് നയിക്കുന്നു.

CHAPTER - 6

# SOCIAL RESPONSIBILITIES OF BUSINESS AND BUSINESS ETHICS

**(അദ്ധ്യായം 6 - ബിസിനസ്സിന്റെ സാമൂഹ്യ ഉത്തരവാദിത്തങ്ങളും ധാർമിക മൂല്യങ്ങളും)**

---

## Social Responsibility (സാമൂഹിക ഉത്തരവാദിത്തം)

It is the responsibility of a business to work in manners which are desirable in terms of objectives and values of society.

ബിസിനസ്സിന്റെ മൂല്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും യോജിക്കുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള ബിസിനസ്സിന്റെ ബാധ്യതയാണ് സാമൂഹിക ഉത്തരവാദിത്തം.

## Need for social Responsibility (സാമൂഹിക ഉത്തരവാദിത്തത്തിന്റെ ആവശ്യകത)

### A. Arguments for Social Responsibility(സാമൂഹിക ഉത്തരവാദിത്തത്തിന് അനുകൂലമായ വാദങ്ങൾ)

1.Justification for existence and growth (നിലനിൽപ്പിനും വളർച്ചക്കും വേണ്ടിയുള്ള നീതീകരണം)

2. Long term interest of the firm (സ്ഥാപനത്തിന്റെ ദീർഘകാല താൽപ്പര്യം)

3. Availability of Resource with the business (ബിസിനസ്സിന്റെ പക്കലുള്ള വിഭവ ലഭ്യത)

4. Better environment for doing business (ബിസിനസ്സ് ചെയ്യാനുള്ള മികച്ച പരിസ്ഥിതി)

5. Holding business Responsible for social problem (സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബിസിനസ്സിന് ഉത്തരവാദിത്വമുണ്ട്)

### Arguments Against social Responsibility (സാമൂഹികഉത്തരവാദിത്തത്തിന് എതിരായുള്ള വാദങ്ങൾ)

1.Violation of profit maximization objective പരമാവധി ലാഭം എന്ന ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം

**2.**Burden on consumers **(**ഉപഭോക്താവിന് അധികഭാരം നൽകുന്നു)

**3.** Lack of social skill (സാമൂഹിക വൈദഗ്ധ്യത്തിന്റെ അഭാവം)

**4.**Lack of Public Support (പൊതുജന പിന്തുണയുടെ അഭാവം)

## Kinds of Social Responsibility (വിവിധതരം സാമൂഹിക ഉത്തരവാദിത്തങ്ങൾ)

**1) Economic Responsibility (സാമ്പത്തിക ഉത്തരവാദിത്തം)**

Produce goods and service that society wants and sell them at a profit.

സമൂഹത്തിന്റെ ആവശ്യങ്ങൾക്കനു സരിച്ച് സാധനങ്ങളും സേവനങ്ങളും ഉൽപ്പാദിപ്പിക്കു കയും നിശ്ചിത ലാഭത്തിന് വിൽപ്പന നടത്തുകയും ചെയ്യുക

**2) Legal Responsibility (നിയപരമായ ഉത്തരവാദിത്വം)**

Operate within the laws

നിയമവ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിക്കുക

**3)Ethical Responsibility (ധാർമ്മിക ഉത്തരവാദിത്വം)**

To operate according to the expectation of the society

സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് പ്രവർത്തിക്കുക.

**4) Discretionary Responsibility (വിവേചനപരമായ ഉത്തരവാദിത്തം)**

It is the voluntary obligation that an enterprise assumes

ഒരു സംരംഭം പൂർണ്ണമായുംസ്വമേധയാ ഏറ്റെടുക്കുന്ന ഉത്തരവാദിത്തം

## Social Responsibility towards Different Interest Groups (വ്യത്യസ്ത തൽപ്പരകക്ഷികളോടുള്ള സാമൂഹിക ഉത്തരവാദിത്തങ്ങൾ)

**1) Social Responsibility towards share holders or owners (ഉടമസ്ഥരോടുള്ള ഉത്തരവാദിത്തം)**

a) To ensure safety of investment (മുടക്കുമുതലിന്റെ സുരക്ഷ ഉറപ്പാക്കുക)

b) To provide reasonable dividend/profit (ന്യായമായ ലാഭവിഹിതം ഉറപ്പാക്കൽ)

c) To provide correct information about financial position (സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ശരിയായ വിവരം നൽകുക)

**2) <u>Responsibility towards consumers</u>** (ഉപഭോക്താക്കളോടുള്ള ഉത്തരവാദിത്തം)

a) Production and distribution of qualities goods at reasonable price (ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ന്യായമായ വിലക്ക് ലഭ്യമാക്കുക)

b) Avoid unfair trade practice (തെറ്റായ വ്യാപാര രീതികൾ ഒഴിവാക്കുക)

c) To provide right service to consumers ( ഉപഭോക്താക്കൾക്ക് ശരിയായ സേവനങ്ങൾ നൽകുക)

d) Deal the consumers in a good manner(ഉപഭോക്താവിനോട് മാന്യമായി ഇടപെടുക)

**3) Responsibility toward government (ഗവൺമെന്റിനോടുള്ള ഉത്തരവാദിത്തം)**

a) To pay tax promptly (കൃത്യമായി നികുതി നൽകുക)
b) To follow the law passed by the government (നിയമങ്ങൾ പാലിക്കുക)

**4) Responsibility toward employees (തൊഴിലാളികളോടുള്ള ഉത്തരവാദിത്തം )**

a) To provide fair compensation and benefit (ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുക)

b) To provide good working conditions(മികച്ച തൊഴിൽ സാഹചര്യം നൽകുക)

c) To avoid discrimination among the employees (വിവേചനം ഒഴിവാക്കുക)

**5) <u>Responsibility towards the community</u> (സമൂഹത്തിനോടുള്ള ഉത്തരവാദിത്തം)**

- Provide employment opportunities (തൊഴിലവസരങ്ങൾ നൽകുക)
- Protect the environment (പരിസ്ഥിതിയെ സംരക്ഷിക്കുക)
- Uplift the weaker section of the society (സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടു വരിക)

**<u>Environment Pollution (പരിസ്ഥിതി മലിനീകരണം) :</u>** It means injection of harm full substance into the environment causing damage to human and their life.

മനുഷ്യനും മറ്റുജീവജാലങ്ങൾക്കും ദോഷകരമായ വസ്തുക്കൾ പരിസ്ഥിതിയിലേക്ക് സന്നിവേശിപ്പിക്കുന്നതാണ് പരിസ്ഥിതി മലിനീകരണം.

## Causes of Environment Pollution (മലിനീകരണത്തിന്റെ കാരണങ്ങൾ )

1. Air Pollution (വായു മലിനീകരണം)
2. Water Pollution ( ജല മലിനീകരണം)
3. Soil Pollution (മണ്ണ് മലിനീകരണം )
4. Sound Pollution (ശബ്ദ ലിനീകരണം)

**<u>Business Ethics</u>**

It refers to the moral principles to be followed by business man.

ബിസിനസ്സ് സ്ഥാപനം പിന്തുടരേണ്ട ധാർമ്മിക തത്വങ്ങളാണ് ഇത്.

**Examples (ഉദാഹരണങ്ങൾ)**

1.Fair and reasonable price (ന്യായ വില ഈടാക്കൽ)

2.Correct weights and measures (കൃത്യമായ അളവുതൂക്കങ്ങൾ ഉപയോഗിക്കൽ)

3.Fair treatment to the employees (ജീവനക്കാരോട് നല്ലരീതിയിൽ പെരുമാറൽ )

വിജയഭേരി മലപ്പുറം

# CHAPTER - 7

# FORMATION OF A COMPANY (അദ്ധ്യായം 7 - കമ്പനി രൂപീകരണം)

The formation of a company can be classified into three distinct stages:
ഒരു കമ്പനിയുടെ രൂപവത്കരണത്തെ മൂന്ന് വ്യത്യസ്ത ഘട്ടങ്ങളായി തിരിക്കാം

**Stage 1.** Promotion(പ്രാരംഭ പ്രവർത്തനം )

**Stage 2.** Incorporation (രൂപീകരണം)

**Stage 3.** Subscription of capital (മൂലധന സമാഹരണം)

**Stage 4.** Commencement of Business (ബിസിനസ്സിന്റെ ആരംഭം )

## Promotion of a Company (പ്രാരംഭ പ്രവർത്തനം )

Promotion is the first stage in the formation of a company. It involves conceiving a business idea and taking an initiative to form a company. The person or group of persons who takes initiative to form a company are called **promoters.** The promoters perform various functions to bring a company into existence.

കമ്പനി രൂപീകരണത്തിലെ ആദ്യ ഘട്ടമാണ് പ്രാരംഭം. ഒരു ബിസിനസ്സ് ആശയം ആവിഷ്കരിക്കുന്നതും ഒരു കമ്പനി രൂപീകരിക്കുന്നതിന് മുൻകൈയെടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. ഒരു കമ്പനി രൂപീകരണം ഏറ്റെടുക്കുന്ന ഒരു വ്യക്തി അല്ലെങ്കിൽ ഒരു കൂട്ടം വ്യക്തികളാണ് പ്രമോട്ടർ. ഒരു കമ്പനി രൂപീകരിക്കാൻ അദ്ദേഹം മുൻകൈയെടുക്കുന്നു. ഒരു കമ്പനി രൂപീകരിക്കുവാനായി പ്രമോട്ടർമാർ വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നു.

### Functions of a Promoter (പ്രൊമോട്ടറുടെ ധർമ്മങ്ങൾ )

(i) Identification of business opportunity (ബിസിനസ്സ് അവസരങ്ങൾ തിരിച്ചറിയുക)

(ii) Feasibility studies: (സാധ്യതാ പഠനം)

(iii) Name approval (പേര് അംഗീകരിക്കൽ)

(iv) Fixing up Signatories to the Memorandum of Association
(മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഒപ്പു വയ്ക്കുന്നവരെ തീരുമാനിക്കുക)

(v) Appointment of professionals (വിദഗ്ധരെ നിയമിക്കൽ)

(vi) Preparation of necessary documents(ആവശ്യമായ രേഖകൾ തയ്യാറാക്കൽ)

## Documents required for registration or incorporation
**(രജിസ്ട്രേഷനായി സമർപ്പിക്കേണ്ട രേഖകൾ)**

A. Memorandum of Association (മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ)

B. Articles of Association (ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ)

C. Consent of Proposed Directors (നിർദ്ദിഷ്ട ഡയറക്ടർമാരുടെ സമ്മതം)

D. Agreement (കരാർ പ്രമാണം)

E. Statutory Declaration (നിയമപരമുള്ള പ്രതിജ്ഞാ പത്രം)

F. Receipt of Payment of fee (ഫീസ് അടച്ച രസീത്)

## Memorandum of Association (മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ )

Memorandum of Association is the principal document which defines the objectives of the company.

കമ്പനിയുടെ ലക്ഷ്യങ്ങൾ നിർവചിക്കുന്ന പ്രധാന രേഖയാണ് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ.

## Clauses of Memorandum of Association

**(മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ വിവിധ വകുപ്പുകൾ)**

### (i) The Name clause (നാമ വകുപ്പ് )

This clause contains the name of the company with which the company will be known.
കമ്പനി രജിസ്ട്രാർ അംഗീകാരം നൽകിയതും ഇനി മുതൽ കമ്പനി അറിയപ്പെടുന്നതുമായ പേരാണ് ഈ വകുപ്പിൽ ഉൾപ്പെടുത്തുന്നത്.

### (ii) Registered office clause/Domicile clause ( രജിസ്റ്റേർഡ് ഓഫീസ് വകുപ്പ് /ഡൊമിസൈൽ വകുപ്പ് )

This clause contains the name of the state, in which the registered office of the company is proposed to be situated.
കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിന്റെ പേരാണ് ഈ വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

### (iii ) Objects clause ( ലക്ഷ്യ വകുപ്പ് )

The main objects for which the company is formed are listed in this sub-clause.
കമ്പനിയുടെ രൂപീകരണ ലക്ഷ്യമാണ് ഈ വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

### (iv) Liability clause ( ബാധ്യതാ വകുപ്പ് )

This clause limits the liability of the members to the amount unpaid on the shares owned by them.
ഈ വകുപ്പ് പ്രകാരം അംഗങ്ങളുടെ ബാധ്യത, അവരുടെ ഓഹരികളിൽമേൽ അടയ്ക്കാൻ ബാക്കിയുള്ള തുകയായി പരിമിതപ്പെടുത്തിയിരിക്കുന്നു

### (v) Capital clause( മൂലധന വകുപ്പ് )

This clause specifies the maximum capital which the company will be authorised to raise through the issue of shares. It is also called Authorised/Nominal/Registered Capital.
ഒരു കമ്പനിക്ക് സമാഹരിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള പരമാവധി മൂലധനമാണ് ഈ വകുപ്പിൽ സൂചിപ്പിച്ചിരിക്കുന്നത് .

### (vi) Association Clause ( പങ്കാളിത്ത വകുപ്പ് )

Under this clause, the signatories to the memorandum express their desire and agreement to form a company.

കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഒപ്പ് വെച്ചിട്ടുള്ള വ്യക്തികൾ കമ്പനിയുമായി സഹവർത്തിച്ച് പ്രവർത്തിക്കുന്നതിനുള്ള സമ്മതമാണ് ഈ വകുപ്പിൽ പ്രതി പാദിച്ചിരിക്കുന്നത് .

## B. Articles of Association ( കമ്പനിയുടെ ആഭ്യന്തര കാര്യ നിയമാവലി / ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ )

Articles of Association is a document which contains the rules regarding internal management of a company.

ഒരു കമ്പനിയുടെ ആഭ്യന്തര ഭരണ കാര്യങ്ങളെക്കുറിച്ചുള്ള ചട്ടങ്ങളാണ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ.

The articles of association contains rules and regulations relating to the following:
താഴെ പറയുന്ന കാര്യങ്ങളാണ് ഇതിൽ പൊതുവായി ഉൾപ്പെട്ടിട്ടുള്ളത്. ഉദാ:

1. Share capital and its sub divisions (ഓഹരിമൂലധനവും അതിന്റെ ഉപവിഭാഗങ്ങളും)
2. Allotment of shares by directors (ഓഹരി അനുവദിക്കൽ)
3. Rights of different classes of share holders (ഓഹരി ഉടമകളുടെ അവകാശങ്ങൾ)
4. Minimum subscription (കുറഞ്ഞ വരിസംഖ്യ)
5. Alteration of share capital (മൂലധന ഭേദഗതി)
6. Common seal of the company (കമ്പനിയുടെ പൊതുമുദ്ര)
7. Dividend and reserve fund (ലാഭവിഹിതവും കരുതൽ ധനവും)

| DIFFERENCE BETWEEN MEMORANDUM AND ARTICLES OF ASSOCIATION | | |
|---|---|---|
| **Basis** | **Memorandum of Association** | **Articles of Association** |
| Objective | Defines the objects of the company | It defines company's rules and regulations of internal management |
| Position | Main Document | Subsidiary document |
| Relationship | It defines the relationship between company and the outsiders | It defines the relation between company and its members |
| Validity | Acts beyond the memorandum can not be ratified by the company | Acts beyond the articles, but within the powers of memorandum can be ratified by the members. |
| Necessity | Compulsory | Not compulsory |

| മെമ്മൊറാണ്ടവും ആർട്ടിക്കിൾസും തമ്മിലുള്ള വ്യത്യാസം | | |
|---|---|---|
| **അടിസ്ഥാനം** | **മെമ്മൊറാണ്ടം** | **ആർട്ടിക്കിൾസ്** |
| ലക്ഷ്യങ്ങൾ | കമ്പനിയുടെ ലക്ഷ്യങ്ങൾ നിർവ്വചിച്ചിരിക്കുന്നു. | കമ്പനിയുടെ നിയമങ്ങൾ നിർവ്വചിച്ചിരിക്കുന്നു |

| | | |
|---|---|---|
| സ്ഥാനം | പ്രധാന പ്രമാണം (കമ്പനിയുടെ ഭരണ ഘടന) | അനുബന്ധ പ്രമാണം (കമ്പനിയുടെ നിയമാവലികൾ) |
| ബന്ധം | കമ്പനിയും പുറത്തുള്ളവരും തമ്മിലുള്ള ബന്ധം നിർവ്വചിച്ചിക്കുന്നു. | കമ്പനിയും അംഗങ്ങളും തമ്മിലുള്ള ബന്ധം നിർവ്വചിച്ചിക്കുന്നു. |
| സാധുത | മെമ്മൊറാണ്ടത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ അസാധുനാണ് | ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് അംഗീകാരം നേടിയെടുക്കാൻ കഴിയും |
| ആവശ്യകത | നിർബന്ധമാണ് | നിർബന്ധമല്ല |

## INCORPORATION (രൂപീകരണം)

Incorporation refers to the registration of the company. The application for registration must be accompanied with the following documents:
രൂപീകരണം എന്നാൽ കമ്പനി രജിസ്റ്റർ ചെയ്യലാണ് . ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിനായി താഴെ പറയുന്ന പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ് :

1. The Memorandum of Association duly stamped, signed and witnessed.
വേണ്ട വിധത്തിൽ മുദ്ര പതിപ്പിച്ചതും ഒപ്പ് വെച്ചതും സാക്ഷ്യപ്പെടുത്തിയതുമായ മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷൻ.

2. The Articles of Association duly stamped and witnessed.
വേണ്ട വിധത്തിൽ മുദ്ര പതിപ്പിച്ചതും ഒപ്പ് വെച്ചതും സാക്ഷ്യപ്പെടുത്തിയതുമായ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ.

3. Written consent of the proposed directors to act as directors.
കമ്പനി ഡയറക്ടർമാർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് നൽകുന്ന സമ്മതപത്രം

4. The agreement, if any, with the proposed Managing Director, Manager or whole time director.
നിയുക്ത മാനേജിങ് ഡയറക്ടർ, മാനേജർ, മുഴുവൻ സമയ ഡയറക്ടർ എന്നിവരുമായി ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്.

5. A copy of the Registrar's letter approving the name of the company.
കമ്പനിയുടെ പേരിന് കമ്പനി രജിസ്ട്രാർ നൽകിയ അനുമതി പത്രത്തിന്റെ പകർപ്പ്.

6. A statutory declaration affirming that all legal requirements for registration have been complied with.
രജിസ്ട്രേഷനാവശ്യമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട് എന്ന സത്യ പ്രസ്താവന .

7. A notice about the exact address of the registered office may also be submitted along with these documents.
കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിന്റെ കൃത്യമായ മേൽവിലാസം സൂചിപ്പിക്കുന്ന കുറിപ്പ്.

8. Documentary evidence of payment of registration fees.
രജിസ്ട്രേഷൻ ഫീസ് അടച്ചതിനുള്ള രേഖാപരമായ തെളിവ്.

## Certificate of Incorporation (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്)

When the Registrar is satisfied, about the completion of formalities for registration, a Certificate of Incorporation is issued to the company. The certificate of incorporation may be called the birth certificate of the company.

രജിസ്ട്രേഷനാവശ്യമായ നടപടികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ബോധ്യമായാൽ രജിസ്ട്രാർ കമ്പനിക്ക് രൂപീകരണ സാക്ഷ്യപത്രമായ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നു. ഇത് കമ്പനിയുടെ ജനനസർട്ടിഫിക്കറ്റ് ആണ്.

## Capital Subscription (മൂലധനം സ്വരൂപിക്കൽ )

A public company can raise the required funds from the public by means of issue of securities (shares and debentures etc.). For doing the same, it has to issue a prospectus to invite the public to subscribe to the capital of the company.

ഒരു പൊതു കമ്പനിക്ക് ഓഹരികൾ, കടപ്പത്രങ്ങൾ എന്നിവ ഉപയോഗിച്ച് മൂലധനം സമാഹരിക്കാൻ കഴിയും. ഓഹരികളും കടപ്പത്രങ്ങളും വാങ്ങുന്നതിന് പൊതു ജനങ്ങളെ ക്ഷണിക്കുന്നതിനായി ഒരു ലഘു പത്രിക ഇറക്കേണ്ടതാണ്

## Steps required for raising funds from the public

**(പൊതുജനങ്ങളിൽനിന്നു മൂലധനം സ്വരൂപിക്കുന്നതിനുള്ള നടപടിക്രമം)**

(i) SEBI Approval (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതി )

(ii) Filing of Prospectus with the registrar of companies (പ്രോസ്പെക്ട്സ് സമർപ്പിക്കൽ)

(iii) Appointment of Bankers, Brokers, Underwriters (ബാങ്കുകൾ, ബ്രോക്കർമാർ, അണ്ടർറൈറ്റേഴ്സ്, എന്നിവരെ നിയമിക്കൽ)

(iv) Ensuring Minimum Subscription (ചുരുങ്ങിയ മൂലധന തുക ഉറപ്പു വരുത്തൽ)

(v) Application to Stock Exchange (ഓഹരി വിപണിയിൽ അപേക്ഷ നൽകുക)

(vi) Allotment of Shares (ഓഹരികൾ അനുവദിച്ചു നൽകൽ)


## Statement in Lieu of Prospectus (പ്രോസ്പെക്ടസിന് പകരമായ പ്രസ്താവന)

A public company can raise the funds through friends, relatives or some private arrangements. In such cases, there is no need to issue a prospectus and a 'Statement in Lieu of Prospectus' is filed with the Registrar for registration.

ഒരു പൊതു കമ്പനിക്ക് സുഹൃത്തുക്കൾ, ബന്ധുക്കൾ അല്ലെങ്കിൽ ചില സ്വകാര്യ ക്രമീകരണങ്ങൾ വഴി ഫണ്ട് ശേഖരിക്കാൻ കഴിയും. അത്തരം സാഹചര്യങ്ങളിൽ, അതിനു പകരം രജിസ്ട്രേഷനായി ' പ്രോസ്പെക്ടസിന് പകരമായപ്രസ്താവന ' രജിസ്ട്രാർക്ക് സമർപ്പിക്കണം.

# CHAPTER - 8
# SOURCES OF BUSINESS FINANCE
## (അദ്ധ്യായം 8 - ബിസിനസ് ധനത്തിന്റെ സ്രോതസ്സുകൾ)

### Classification of sources of finance (സാമ്പത്തിക സ്രോതസ്സുകളുടെ തരംതിരിക്കൽ)




### A. On the basis of period (കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ)

1. **Long-term finance –** Funds required for a period exceeding 5 years
   **ദീർഘകാല ധനം** – 5 വർഷത്തിൽ കൂടുതലുള്ള കാലയളവിലേക്ക് ആവശ്യമായ ഫണ്ടുകൾ

**2. Medium-term finance-** Funds required for a period exceeding one year but less than 5 years.

**ഇടത്തരം ധനം** - ഒരു വർഷത്തിൽ കൂടുതലുള്ളതും എന്നാൽ 5 വർഷത്തിൽ താഴെയുള്ളതുമായ കാലയളവിലേക്ക് ആവശ്യമായ ഫണ്ടുകൾ.

**3. Short-term finance**- Funds required for a period not exceeding one year.
**ഹ്രസ്വകാല ധനം** - ഒരു വർഷത്തിൽ കൂടാത്ത കാലയളവിലേക്ക് ആവശ്യമായ ഫണ്ടുകൾ.

**B. On the basis of ownership (ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ)**

**1. Owner's funds-** Funds provided by the owners of the enterprise.
**ഉടമയുടെ ഫണ്ടുകൾ –** എന്റർപ്രൈസസിന്റെ ഉടമകൾ നൽകുന്ന ഫണ്ടുകൾ.

**2. Borrowed funds –** Funds raised through loans and borrowings.
**കടമെടുത്ത ഫണ്ടുകൾ –** വായ്പകളിലൂടെ സമാഹരിക്കുന്ന ഫണ്ടുകൾ.

**C. On the basis of source of generation (ഉല്പാദന ഉറവിടത്തിന്റെ അടിസ്ഥാനത്തിൽ)**

**1. Internal sources –** Funds generated from within the business.
**ആന്തരിക സ്രോതസ്സുകൾ –** ബിസിനസ്സിനുള്ളിൽ നിന്ന് ഉണ്ടാകുന്ന ഫണ്ടുകൾ.

**2. External sources –** Funds generated from outside the business.
**ബാഹ്യ സ്രോതസ്സുകൾ –** ബിസിനസിന് പുറത്തുനിന്നുള്ള ഫണ്ടുകൾ.

## Description of some important funds (ചില പ്രധാന ഫണ്ടുകളുടെ വിവരണം)

## I. Retained earnings or Reserve Profit (നീക്കിയിരിപ്പ് സമ്പാദ്യം അല്ലെങ്കിൽ കരുതൽ ലാഭം)

A company sets aside a portion of its net profit for future use. This is called retained earnings or reserve profit. It is also called ploughing back of profit.

ഒരു കമ്പനി അതിന്റെ അറ്റാദായത്തിന്റെ ഒരു ഭാഗം ഭാവിയിലെ ഉപയോഗത്തിനായി നീക്കിവക്കുന്നു. ഇതിനെ നീക്കിയിരിപ്പ് സമ്പാദ്യം അഥവാ കരുതൽ ലാഭം എന്ന് പറയുന്നു. ഇതിനെ പ്ലവിങ് ബാക്ക് ഓഫ് പ്രോഫിറ്റ് എന്നും വിളിക്കാറുണ്ട്.

| Advantages | നേട്ടങ്ങൾ |
|---|---|
| 1. It is a permanent source.<br>2. It costs nothing.<br>3. It helps to deal with unexpected losses.<br>4. No security is needed. | 1. ഇതൊരു സ്ഥിര സ്രോതസ്സാണ്.<br>2. ഇതിന് ചിലവുകൾ ഒന്നുമില്ല.<br>3. അപ്രതീക്ഷിത നഷ്ടങ്ങളെ നേരിടാൻ ഇത് സഹായിക്കുന്നു.<br>4. പണയം ആവശ്യമില്ല. |
| **Disadvantages** | **ദോഷങ്ങൾ** |
| 1. This may cause dissatisfaction among existing shareholders. | 1. ഇത് നിലവിലുള്ള ഓഹരി ഉടമകളിൽ അസംതൃപ്തി |

| | |
|---|---|
| 2. May result in over capitalisation. | സൃഷ്ടിച്ചേക്കാം.<br>2. അമിത മൂലധനവൽക്കരണത്തിന് കാരണമായേക്കാം. |

## II. Issue of Shares (ഓഹരികളിറക്കൽ)

The capital accumulated by issuing shares is called share capital. The capital of a company is divided into smaller components. This is called a share. A person who holds shares is called a shareholder.

ഓഹരികൾ ഇറക്കി കൊണ്ട് സമാഹരിക്കുന്ന മൂലധനത്തെ ഓഹരി മൂലധനം എന്ന് പറയുന്നു. ഒരു കമ്പനിയുടെ മൂലധനം ചെറിയ ഘടകങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിനെ ഓഹരി എന്ന് പറയുന്നു. ഓഹരി കൈവശം വെക്കുന്ന ആളെ ഓഹരി ഉടമ എന്ന് വിളിക്കുന്നു.

### A. Equity Shares (സാധാരണ ഓഹരികൾ)

Shares that do not have preferential right to receive a dividend or a return on capital are called equity shares.

ലാഭവിഹിതം ലഭിക്കുന്നതിനോ മൂലധനം തിരിച്ചു കിട്ടുന്നതിനോ മുൻഗണനാ അവകാശമില്ലാത്ത ഓഹരികളെ സാധാരണ ഓഹരികൾ എന്നു പറയുന്നു.

| Advantages | നേട്ടങ്ങൾ |
|---|---|
| 1. It is a permanent source.<br>2. Payment of dividends is not compulsory.<br>3. Equity shareholders are the real owners of the company.<br>4. They have the right to vote. | 1. ഇതൊരു സ്ഥിര സ്രോതസ്സാണ്.<br>2. ലാഭവിഹിതം നൽകൽ നിർബന്ധമല്ല.<br>3. സാധാരണ ഓഹരി ഉടമകൾ കമ്പനിയുടെ യഥാർത്ഥ ഉടമകളാണ്.<br>4. അവർക്ക് വോട്ടവകാശം ഉണ്ട് |
| **Disadvantages** | **ദോഷങ്ങൾ** |
| 1. It does not attract people who like secure income.<br>2. High cost compared to other sources. | 1.സുരക്ഷിതമായ വരുമാനം ഇഷ്ടപ്പെടുന്ന ആളുകളെ ഇത് ആകർഷിക്കുന്നില്ല.<br>2.മറ്റ് സ്രോതസ്സുകളെ അപേക്ഷിച്ച് ഉയർന്ന ചെലവ്. |

### B. Preference Shares (മുൻഗണനാ ഓഹരികൾ)

Preference shares are shares that have the preferential right to receive a dividend and a repayment of capital when the company closes.

ലാഭവിഹിതം ലഭിക്കുന്നതിനും കമ്പനി അടച്ചു പൂട്ടുമ്പോൾ മൂലധനം തിരിച്ചു കിട്ടുന്നതിനും മുൻഗണനാ അവകാശമുള്ള ഓഹരികളാണ് മുൻഗണനാ ഓഹരികൾ.

| Advantages | നേട്ടങ്ങൾ |
|---|---|
| 1. Investors get fixed income at a fixed rate.<br>2. The assets of the company need not be mortgaged.<br>3. It does not affect the ownership and control of the organization<br>4. Cost of raising preference share capital is less than equity capital | 1. നിക്ഷേപകർക്ക് നിശ്ചിത നിരക്കിൽ സ്ഥിരവരുമാനം ലഭിക്കുന്നു.<br>2. കമ്പനിയുടെ ആസ്തികൾ പണയമായി നൽകേണ്ടതില്ല.<br>3. ഇത് സ്ഥാപനത്തിൻറെ ഉടമസ്ഥാവകാശത്തെയും നിയന്ത്രണത്തെയും ബാധിക്കില്ല<br>4. മുൻഗണനാ ഓഹരി മൂലധനം സമാഹരിക്കാനുള്ള ചെലവ് ഇക്വിറ്റി മൂലധനത്തേക്കാൾ കുറവാണ് |
| **Disadvantages** | **ദോഷങ്ങൾ** |
| 1. Not suitable for those who expect more profit.<br>2. Shareholders have no control over management.<br>3. The dividend rate is higher than the interest rate on debentures. | 1. കൂടുതൽ ലാഭം പ്രതീക്ഷിക്കുന്നവർക്ക് യോജിച്ചതല്ല.<br>2. ഓഹരി ഉടമകൾക്ക് മാനേജ്മെന്റിൽ നിയന്ത്രണമില്ല.<br>3. ലാഭവിഹിത നിരക്ക് ഡിബഞ്ചറുകളുടെ പലിശ നിരക്കിനേക്കാൾ കൂടുതലാണ്. |

## III. Debentures (കടപത്രങ്ങൾ)

A debenture is a document issued by a company to acknowledge its debt. Debenture holders are termed as creditors of the company. The interest on debentures will be at a fixed rate.

കടം അംഗീകരിക്കുന്നതിന് ഒരു കമ്പനി പുറത്തിറക്കുന്ന രേഖയാണ് കടപ്പത്രം. കടപ്പത്ര ഉടമകളെ കമ്പനിയുടെ കടക്കാർ എന്ന് വിളിക്കുന്നു. കടപ്പത്രങ്ങളുടെ പലിശ ഒരു നിശ്ചിത നിരക്കിൽ ഉള്ളതായിരിക്കും.

| Advantages | നേട്ടങ്ങൾ |
|---|---|
| 1. Investment that provides more security.<br>2. Debenture holders receive fixed interest.<br>3. Does not affect management control.<br>4. It is ideal for companies with regular sales and revenue. | 1. കൂടുതൽ സുരക്ഷ നൽകുന്ന നിഭേക്ഷപം.<br>2. കടപ്പത്ര ഉടമകൾക്ക് സ്ഥിരമായ പലിശ ലഭിക്കുന്നു.<br>2. മാനേജ്മെൻറ് നിയന്ത്രണത്തെ ബാധിക്കില്ല.<br>3. സ്ഥിരമായ വിൽപ്പനയും വരുമാനവുമുള്ള സ്ഥാപനങ്ങൾക്ക് ഇത് അനുയോജ്യമാണ്. |

| Disadvantages | ദോഷങ്ങൾ |
|---|---|
| 1. Fixed interest becomes a burden to the company.<br>2. No voting rights.<br>3. Even if the company faces financial difficulties, it has to repay the amount after a certain period. | 1. നിശ്ചിത പലിശ കമ്പനിക്ക് ഭാരമായി മാറുന്നു.<br>2. വോട്ടവകാശമില്ല.<br>3. കമ്പനി സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടാലും ഒരു നിശ്ചിത കാലാവധിക്കുശേഷം തുക തിരിച്ച നൽകേണ്ടി വരുന്നു. |

## IV. Factoring (ഫാക്ടറിംഗ്)

It refers to the selling of a firm’s book debts to another company or agency. This agency or individual which specializes in collection and administration of debt is called a factor.

ഒരു സ്ഥാപനത്തിന്റെ പുസ്തക കടങ്ങൾ മറ്റൊരു കമ്പനിക്കോ ഏജൻസിക്കോ വിൽക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. കടത്തിന്റെ ശേഖരണത്തിലും ഭരണനിർവ്വഹണത്തിലും വൈദഗ്ദ്ധ്യം നേടിയ ഈ ഏജൻസിയെ അല്ലെങ്കിൽ വ്യക്തിയെ  ഫാക്ടർ എന്ന് വിളിക്കുന്നു.

| Advantages | നേട്ടങ്ങൾ |
|---|---|
| 1. Cheaper than bank credit.<br>2. Instant cash inflow enable to meet the liabilities promptly.<br>3. It does not create any charge on the assets of the firm.<br>4. Can concentrate on important areas of business. | 1. ബാങ്ക് കടത്തേക്കാൾ ചിലവ് കുറഞ്ഞതാണ്.<br>2. തൽക്ഷണ പണമൊഴുക്ക് ബാധ്യതകൾ ഉടനടി നിറവേറ്റാൻ സഹായിക്കുന്നു.<br>3. ഇത് സ്ഥാപനത്തിന്റെ ആസ്തികളിൽ ഒരു ചാർജ്ജും സൃഷ്ടിക്കുന്നില്ല.<br>4. ബിസിനസ്സിന്റെ പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും. |
| **Disadvantages** | **ദോഷങ്ങൾ** |
| 1. The factor is a third party to the customer. | 1. ഉപഭോക്താവിന് ഒരു മൂന്നാം കക്ഷിയാണ് ഘടകം. |

### V. Public Deposits (പൊതു നിക്ഷേപം)

The deposits that are raised by organisations directly from the public are known as public deposits.

പൊതുജനങ്ങളിൽ നിന്ന് നേരിട്ട് സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങളെ പബ്ലിക് ഡെപ്പോസിറ്റ് എന്ന് വിളിക്കുന്നു.

| Advantages | നേട്ടങ്ങൾ |
|---|---|
| 1. Simpler than shares and Debentures.<br>2. Less formality.<br>3. No security is given by the company. | 1. ഷെയറുകളേക്കാളും കടപ്പത്രങ്ങളേക്കാളും ലളിതമാണ്.<br>2. നടപടിക്രമങ്ങൾ കുറവാണ്.<br>3. കമ്പനി ഈടൊന്നും നൽകുന്നില്ല. |
| **Disadvantages** | **ദോഷങ്ങൾ** |
| 1. They are not secured for investors<br>2. Raising large funds is not possible. | 1. നിക്ഷേപകർക്ക് അവ സുരക്ഷിതമല്ല<br>2. വലിയ ഫണ്ട് സമാഹരണം സാധ്യമല്ല. |

## VI. Commercial Paper (വാണിജ്യ പേപ്പർ )

It is an unsecured promissory note issued by a firm to raise funds for a short period. The maturity period of commercial paper usually ranges from 90 days to 364 days.

ഹ്രസ്വകാലത്തേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി ഒരു സ്ഥാപനം നൽകുന്ന സുരക്ഷിതമല്ലാത്ത പ്രോമിസറി നോട്ടാണിത്. വാണിജ്യ പേപ്പറിന്റെ കാലാവധി സാധാരണയായി 90 ദിവസം മുതൽ 364 ദിവസം വരെയാണ്.

## VII. Lease Financing (പാട്ട ധനസഹായം)

A lease is a contractual agreement whereby the owner of an asset (lessor) grants the right to use the asset to the other party (lessee). The lessor charges rent for the asset for a specified period is called lease rent.

ഒരു പാട്ടക്കരാർ ഒരു കരാർ ഉടമ്പടിയാണ്, അതിലൂടെ ഒരു അസറ്റിന്റെ ഉടമ (പാട്ടം കൊടുത്തവൻ ) മറ്റ് കക്ഷികൾക്ക് (പാട്ടക്കാരന്) അസറ്റ് ഉപയോഗിക്കാനുള്ള അവകാശം നൽകുന്നു. പാട്ടം കൊടുത്തവൻ ഒരു നിശ്ചിത കാലയളവിലേക്ക് അസറ്റിന് വാടക ഈടാക്കുന്നതിനെ പാട്ട വാടക എന്ന് വിളിക്കുന്നു.

## VIII. Trade Credit (ട്രേഡ് ക്രെഡിറ്റ്)

Trade credit is a short term source of financing. The credit extended by one trader to another for purchasing goods or services is known as trade credit.

വ്യാപാര ക്രെഡിറ്റ് ഒരു ഹ്രസ്വകാല ധനസഹായ സ്രോതസ്സാണ്. ചരക്കുകളോ സേവനങ്ങളോ വാങ്ങുന്നതിനായി ഒരു വ്യാപാരി മറ്റൊരാൾക്ക് നൽകുന്ന ക്രെഡിറ്റ് ട്രേഡ് ക്രെഡിറ്റ് എന്നറിയപ്പെടുന്നു.

# CHAPTER - 9

## Small Business (അദ്ധ്യായം 9 - ചെറുകിട ബിസിനസ്)

The Micro Small and Medium Enterprises Development (MSMED) Act, 2006 came into force w.e.f., October, 2006. Accordingly, enterprises are classified into two major categories viz., Manufacturing Enterprises and Services Enterprises.


2006 ഒക്ടോബറിൽ മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് (എംഎസ്എംഇഡി) നിയമം നിലവിൽ വന്നു. അതനുസരിച്ച്, സംരംഭങ്ങളെ ഉൽപ്പാദന സംരംഭങ്ങൾ, സേവന സംരംഭങ്ങൾ എന്നിങ്ങനെ രണ്ട് പ്രധാന വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**Manufacturing Enterprises:** These are engaged in the manufacture or production of goods in any industries specified in the first schedule to the Industries (Development and Regulation) Act.

**ഉൽപാദന സംരംഭങ്ങൾ:** വ്യവസായ (വികസനവും നിയന്ത്രണവും) നിയമത്തിലെ ആദ്യ ഷെഡ്യൂളിൽ വ്യക്ത മാക്കിയിട്ടുള്ള ഏതെങ്കിലും ചരക്കുകളുടെ ഉത്പാദനത്തിലോ നിർമ്മാണത്തിലോ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾ.

**Service Enterprises:** These are engaged in providing or rendering of services.

**സേവന സംരംഭങ്ങൾ:** സേവനങ്ങൾ നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾ.




**MSME Classification**

| Classification | Micro Enterprises | Small Enterprises | Medium Enterprises |
|---|---|---|---|
| **Manufacturing Enterprises** | Investment in Plant and Machinery less than Rs. 25 lakhs | Investment in Plant and Machinery between Rs. 25 lakhs and Rs. 5 Crores | Investment in Plant and Machinery between Rs. 5 Crores and Rs. 10 Crores |

| | | | |
|---|---|---|---|
| **Service Enterprises** | Investment in Equipments less than Rs. 10 lakhs | Investment in Equipments between Rs. 10 lakhs and Rs. 2 Crores | Investment in Equipments between Rs. 2 Crores and Rs. 5 Crores |

**MSME** വർഗ്ഗീകരണം

| വർഗ്ഗീകരണം | സൂക്ഷ്മ സംരംഭങ്ങൾ | ചെറുകിട സംരംഭങ്ങൾ | ഇടത്തരം സംരംഭങ്ങൾ |
|---|---|---|---|
| ഉൽപ്പാദന സംരംഭങ്ങൾ | പ്ലാന്റിലും മെഷിനറിയിലും നിക്ഷേപം 25 ലക്ഷത്തിനു താഴെ | പ്ലാന്റിലും മെഷിനറിയിലും നിക്ഷേപം 25 ലക്ഷത്തിനും 5 കോടിക്കുമിടയിൽ | പ്ലാന്റിലും മെഷിനറിയിലും നിക്ഷേപം 5 കോടിക്കും 10 കോടിക്കുമിടയിൽ |
| സേവന സംരംഭങ്ങൾ | ഉപകരണങ്ങളിലുള്ള നിക്ഷേപം. 10 ലക്ഷത്തിനു താഴെ | ഉപകരണങ്ങളിലുള്ള നിക്ഷേപം. 10 ലക്ഷത്തിനും 2 കോടിക്കുമിടയിൽ | ഉപകരണങ്ങളിലുള്ള നിക്ഷേപം 2 കോടിക്കും 5 കോടിക്കുമിടയിൽ |

**Village Industries:** Village industry are any industry located in a rural area which produces any goods, renders any service with or without the use of power.

**ഗ്രാമവ്യവസായങ്ങൾ:** ഗ്രാമീണ മേഖലയിൽ സ്ഥിതി ചെയ്യുന്ന ഊർജം ഉപയോഗിച്ചോ അല്ലാതെയോ ഏതൊരു ഉൽപ്പന്നം നിർമ്മിക്കുന്നതോ സേവനം പ്രദാനംചെയ്യുന്നതോആയ ഏതൊരു വ്യവസായത്തേയും ഗ്രാമ വ്യവസായമെന്നുപറയുന്നു.

**Cottage Industries:** These are also known as rural or traditional industries. They are characterised by use of family labour and locally available talent, use of simple equipment, small capital investment etc

**കുടിൽ വ്യവസായങ്ങൾ:** ഇവ ഉൾനാടൻ അല്ലെങ്കിൽ പരമ്പരാഗത വ്യവസായങ്ങൾ എന്നും അറിയപ്പെടുന്നു. കുടുംബാധ്വാനവും പ്രാദേശികമായി ലഭ്യമായ കഴിവുകളും ഉപയോഗിക്കുക, ലളിതമായ ഉപകരണങ്ങൾ ഉപയോഗിക്കുക, ചെറിയ മൂലധന നിക്ഷേപം തുടങ്ങിയവ പോലുള്ള ചില സവിശേഷതകൾ അവരുടെ വ്യവസായത്തിനുണ്ട്.

## ROLE OF SMALL BUSINESS IN INDIA

1. Small industries in India account for 95% of the industrial units, 40% of the gross industrial value added and 45% of the total exports from India.
2. Small industries are the second largest employers of human resources after agriculture.
3. Small industries supply a wide variety of products
4. They contribute to the balanced regional development of our country
5. Small industries provide ample opportunity for entrepreneurship
6. Small industries also enjoy the advantage of low cost of production.

**ഇന്ത്യയിലെ ചെറുകിട ബിസിനസ്സിന്റെ പങ്ക്**

1. യൂണിറ്റുകളുടെ 95 ശതമാനവും മൊത്ത വ്യാവസായിക മൂല്യവർദ്ധനയുടെ 40 ശതമാനവും ഇന്ത്യയിൽ നിന്നുള്ള മൊത്തം കയറ്റുമതിയുടെ 45 ശതമാനവും ഇന്ത്യയിലെ ചെറുകിട വ്യവസായങ്ങൾക്കാണ്.
2. കൃഷി കഴിഞ്ഞാൽ മനുഷ്യവിഭവശേഷിയുടെ രണ്ടാമത്തെ വലിയ തൊഴിൽദാതാക്കളാണ് ചെറുകിട വ്യവസായങ്ങൾ.
3. ചെറുകിട വ്യവസായങ്ങൾ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നു.
4. നമ്മുടെ രാജ്യത്തിന്റെ സന്തുലിത പ്രാദേശിക വികസനത്തിന് അവർ സംഭാവന നൽകുന്നു.
5. ചെറുകിട വ്യവസായങ്ങൾ സംരംഭകത്വത്തിന് ധാരാളം അവസരങ്ങൾ നൽകുന്നു.
6. ചെറുകിട വ്യവസായങ്ങളും കുറഞ്ഞ ഉൽപാദനച്ചെലവിന്റെ നേട്ടം ആസ്വദിക്കുന്നു

**Problems of Small Business (ചെറുകിട ബിസിനസ്സിന്റെ പ്രശ്നങ്ങൾ)**

| | | |
|---|---|---|
| 1. Non-availability of adequate finance<br>മതിയായ ധനസഹായംലഭ്യമല്ല | 2. Inadequate Raw Materials അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത | 3. Inadequate Machinery and Equipment<br>അപര്യാപ്തമായ യന്ത്രങ്ങളും ഉപകരണങ്ങളും |
| 4. Marketing Problems<br>വിപണന ശേഷിയുടെ അഭാവം | 5. Unskilled Labourers<br>അവിദഗ്ധ തൊഴിലാളികൾ | 6. Poor Managerial Skills<br>മോശം മാനേജ്മെന്റ് കഴിവുകൾ |
| 7. Outdated Technology<br>കാലഹരണപ്പെട്ട സാങ്കേതികവിദ്യ | 8. Low Quality products<br>കുറഞ്ഞ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ | 9. Under utilisation of Capacity<br>ശേഷിയുടെ താഴ്ന്ന വിനിയോഗം |
| 10. Run on Traditional Lines<br>പരമ്പരാഗത ലൈനുകളിൽ പ്രവർത്തിപ്പിക്കുക | 11. Industrial Sickness<br>വ്യാവസായിക രോഗം | 12. Global Competition<br>ആഗോള മത്സരം |

**Government Assistance to Small Industries and Small Business Units**
**(ചെറുകിട വ്യവസായങ്ങൾക്കും ചെറുകിട ബിസിനസ് യൂണിറ്റുകൾക്കും സർക്കാർ സഹായം)**

| Protective and Promotional Measures | സംരക്ഷണവും പ്രോത്സാഹന നടപടികളും |
|---|---|
| 1. Reservation of products<br>2. Reservation and preference in government procurement<br>3. Infrastructural and Institutional Support<br>4. Machinery on Hire purchase<br>5. Marketing assistance<br>6. Financial Assistance<br>7. Training Facilities | 1. ഉൽപ്പന്നങ്ങളുടെ സംവരണം<br>2. സർക്കാർ സംഭരണത്തിൽ സംവരണവും മുൻഗണനയും<br>3. അടിസ്ഥാന സൗകര്യ, സ്ഥാപന പിന്തുണ<br>4. വാടകയ്ക്ക് വാങ്ങുന്ന യന്ത്രങ്ങൾ<br>5. മാർക്കറ്റിംഗ് സഹായം<br>6. സാമ്പത്തിക സഹായം<br>7. പരിശീലന സൗകര്യങ്ങൾ |

**Support measures and programmes meant for the promotion of small and rural industries**
**(ചെറുകിട-ഗ്രാമീണ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനുള്ള സഹായ നടപടികളും പരിപാടികളും)**

**i. Institutional Support** (സ്ഥാപനപരമായ പിന്തുണ)

1. **National Bank for Agriculture and Rural Development (NABARD):**
    a. Promotion of rural business enterprises
    b. Support small, cottage and village industries and rural artisans
    c. Offers training, counselling and consultancy services
2. **The Rural Small Business Development Centre (RSBDC)**
    a. It works for the benefit of socially and economically disadvantaged
    b. Provide management and technical support to entrepreneurs in rural areas.
3. **National Small Industries Corporation (NSIC)**
    a. Supply machinery on hire-purchase basis
    b. Serve as technology business incubators
4. **Small Industries Development Bank of India (SIDBI)**
    a. Apex bank to provide direct/indirect financial assistance
    b. Coordinates the functions of other institutions in similar activities.
5. **The District Industries Centers (DICs)**
    a. Support entrepreneurs in setting up small and village industries
    b. Arranging for credit, machinery and equipment
    a. Arrange artisans training programmes
    c. Performance and credit rating of small businesses

1. **നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്‌മെന്റ് (നബാർഡ്):**
    a. ഗ്രാമീണ വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനം
    b. ചെറുകിട, കുടിൽ, ഗ്രാമ വ്യവസായങ്ങളെയും ഗ്രാമീണ കരകൗശല തൊഴിലാളികളെയും പിന്തുണയ്ക്കുക
    c. പരിശീലനം, കൗൺസിലിംഗ്, കൺസൾട്ടൻസി സേവനങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നു
2. **ഗ്രാമീണ ചെറുകിട ബിസിനസ് വികസന കേന്ദ്രം (RSBDC)**
    a. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ പ്രയോജനത്തിനായി ഇത് പ്രവർത്തിക്കുന്നു
    b. ഗ്രാമീണ മേഖലയിലെ സംരംഭകർക്ക് മാനേജ്മെന്റും സാങ്കേതിക പിന്തുണയും നൽകുക.
3. **ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ (NSIC)**
    a. യന്ത്രസാമഗ്രികൾ വാടകയ്ക്ക് വാങ്ങുന്ന അടിസ്ഥാനത്തിൽ വിതരണം ചെയ്യുക
    b. ടെക്നോളജി ബിസിനസ് ഇൻകുബേറ്ററായി സേവിക്കുക
    c. ചെറുകിട ബിസിനസ്സുകളുടെ പ്രകടനവും ക്രെഡിറ്റ് റേറ്റിംഗും ചെയ്യുന്നു
4. **ചെറുകിട വ്യവസായ വികസന ബാങ്ക് ഓഫ് ഇന്ത്യ (SIDBI)**

a. പ്രത്യക്ഷ/പരോക്ഷ സാമ്പത്തിക സഹായം നൽകാൻ അപെക്സ് ബാങ്ക്
b. സമാന പ്രവർത്തനങ്ങളിൽ മറ്റ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

**5. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡിഐസി)**

a. ചെറുകിട, ഗ്രാമ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിൽ സംരംഭകരെ പിന്തുണയ്ക്കുക
b. ക്രെഡിറ്റ്, മെഷിനറി, ഉപകരണങ്ങൾ എന്നിവ ക്രമീകരിക്കുന്നു.
c. കരകൗശല തൊഴിലാളികളുടെ പരിശീലന പരിപാടികൾ ക്രമീകരിക്കുക

## ii. Incentives

1. **Land:** Every state offers developed plots for setting up of industries
2. **Power and Water:** is supplied at concessional rate of 50%, while some states exempt such units from payment in the initial years
3. **Sales Tax:** In all union territories, industries are exempted from sales tax, while some states extend exemption for 5 years period
4. **Octroi:** Most states have abolished octroi
5. **Finance:** Subsidy of 10-15% is given for building capital assets. Loans are also offered at concessional rates.
6. **Industrial Estates**: Some states encourage setting up of industrial estates in backward areas.
7. **Tax Holiday**: Exemption from paying taxes for 5 or 10 years is given to industries established in backward, hilly and tribal areas.

**പ്രോത്സാഹനങ്ങൾ**

1. **ഭൂമി:** എല്ലാ സംസ്ഥാനങ്ങളും വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് വികസിപ്പിച്ച പ്ലോട്ടുകൾ വാഗ്ദാനം ചെയ്യുന്നു.
2. **ഊർജവും വെള്ളവും:** 50% ഇളവുള്ള നിരക്കിൽ വിതരണം ചെയ്യുന്നു, ചില സംസ്ഥാനങ്ങൾ അത്തരം യൂണിറ്റുകളെ പ്രാരംഭ വർഷങ്ങളിൽ പണമടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നു.
3. **വിൽപന നികുതി:** എല്ലാ കേന്ദ്ര ഭരണ പ്രദേശങ്ങളിലും, വ്യവസായങ്ങളെ വിൽപ്പന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്, അതേസമയം ചില സംസ്ഥാനങ്ങൾ 5 വർഷത്തേക്ക് ഇളവ് നീട്ടുന്നു.
4. **കടത്തു ചുങ്കം:** മിക്ക സംസ്ഥാനങ്ങളും കടത്തു ചുങ്കം നിർത്തലാക്കി
5. **ധനകാര്യം:** മൂലധന ആസ്തികൾ നിർമ്മിക്കുന്നതിന് 10-15% സബ്സിഡി നൽകുന്നു. ഇളവുള്ള നിരക്കിൽ വായ്പയും വാഗ്ദാനം ചെയ്യുന്നു.
6. **വ്യാവസായിക എസ്റ്റേറ്റുകൾ:** ചില സംസ്ഥാനങ്ങൾ പിന്നാക്ക പ്രദേശങ്ങളിൽ വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
7. **നികുതി അവധി:** പിന്നാക്ക, മലയോര, ആദിവാസി മേഖലകളിൽ സ്ഥാപിതമായ വ്യവസായങ്ങൾക്ക് 5 അല്ലെങ്കിൽ 10 വർഷത്തേക്ക് നികുതി അടയ്ക്കുന്നതിൽ നിന്ന് ഇളവ് നൽകുന്നു.

വിജയഭേരി മലപ്പുറം

CHAPTER - 10

# INTERNAL TRADE (അദ്ധ്യായം 10 – ആഭ്യന്തര വ്യാപാരം)


**INTERNAL TRADE:** Buying and selling of goods and services within the boundaries of a nation is termed as internal trade.
**ആഭ്യന്തര വ്യാപാരം:** ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ചരക്കുകളും സേവനങ്ങളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനെ ആഭ്യന്തര വ്യാപാരം എന്ന് വിളിക്കുന്നു.

Internal Trade can be classified into (i) Wholesale Trade (ii) Retail Trade.
ആഭ്യന്തര വ്യാപാരത്തെ (i) മൊത്തവ്യാപാരം (ii) ചില്ലറ വ്യാപാരംഎന്നിങ്ങനെ രണ്ടായി തരംതിരിക്കാം.

**WHOLESALE TRADE:** Wholesale trade means buying and selling of goods and services in large quantities for the purpose of resale or intermediate use.
**മൊത്തവ്യാപാരം:** പുനർവിൽപ്പനക്കായോ അല്ലെങ്കിൽ ഇടക്കുള്ള ഉപയോഗത്തിനായോ വലിയ അളവിൽ ചരക്കുകളോ സേവനങ്ങളോ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനെ മൊത്തവ്യാപാരം എന്ന് പറയുന്നു.

**RETAIL TRADE:** Retail traders are engaged in buying large quantities of goods and services from wholesalers and selling it in small lots directly to the ultimate consumers.
**ചില്ലറ വ്യാപാരം:** ചില്ലറ വ്യാപാരികൾ മൊത്തക്കച്ചവടക്കാരിൽ നിന്ന് വലിയ അളവിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുകയും അന്തിമ ഉപഭോക്താക്കൾക്ക് നേരിട്ട് ചെറിയ അളവിൽ വിൽക്കുകയും ചെയ്യുന്നു.

## TYPES OF RETAIL TRADE




**I. Itinerant Retailers:** Itinerant retailers are traders who do not have a fixed place of business. They move from place to place in search of customers.

**സഞ്ചാരപ്രകൃതമായ ചില്ലറ വ്യാപാരികൾ:** ഒരു നിശ്ചിത കച്ചവട സ്ഥലമില്ലാത്ത വ്യാപാരികളാണ് സഞ്ചാരപ്രകൃതമായ ചില്ലറ വ്യാപാരികൾ. അവർ ഉപഭോക്താക്കളെ  തേടി ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് നീങ്ങുന്നു.

**1. Peddlers and Hawkers:** They are small producers or petty traders who carry the products on a bicycle, hand cart, cycle-rickshaw or on their heads. They move from place to place to sell their products like toys, vegetables and fruits, snacks etc.

**നടന്ന് വിൽപനക്കാർ:** അവർ ചെറുകിട ഉൽപ്പാദകരോ ചെറുകിട വ്യാപാരികളോ ആണ്, ഉൽപ്പന്നങ്ങൾ സൈക്കിളിലോ, കൈ വണ്ടിയിലോ, സൈക്കിൾ-റിക്ഷയിലോ തലയിലോ കൊണ്ടുനടന്നു വിൽക്കുന്നു. കളിപ്പാട്ടങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, ലഘുഭക്ഷണങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ വിൽക്കാൻ അവർ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് നീങ്ങുന്നു.

**2. Market Traders:** Market traders are the small retailers who open their shops at different market places on fixed days. They deal in low priced consumer items of daily use.

**ചന്തക്കച്ചവടക്കാർ:** നിശ്ചിത ദിവസങ്ങളിൽ വിവിധ മാർക്കറ്റ് സ്ഥലങ്ങളിൽ കടകൾ തുറക്കുന്ന ചെറുകിട കച്ചവടക്കാരാണ് ചന്തക്കച്ചവടക്കാർ. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് അവർ കൈകാര്യം ചെയ്യുന്നു.

**3. Street Traders (Pavement Vendors):** Street traders are found in busy street corners or pavements for example, near railway stations and bus stands, and sell consumer items of common use, such as stationery items, eatables and ready-made garments.

**തെരുവ് കച്ചവടക്കാർ (നടപ്പാത കച്ചവടക്കാർ):** തെരുവ് കച്ചവടക്കാർ തിരക്കേറിയ തെരുവുകളിലോ നടപ്പാതകളിലോ കാണപ്പെടുന്നു, ഉദാഹരണത്തിന്, റെയിൽവേ സ്റ്റേഷനുകൾക്കും ബസ് സ്റ്റാൻഡുകൾക്കും സമീപം. സ്റ്റേഷനറി ഇനങ്ങൾ, ഭക്ഷണസാധനങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങിയ സാധാരണ ഉപയോഗത്തിനുള്ള  ഉപഭോക്തൃ വസ്തുക്കൾ വിൽക്കുന്നു.

**4. Cheap Jacks:** They have independent shops of a temporary nature in a business locality. They change their business from one locality to another and deal in low priced consumer items as well as services such as repair of watches, shoes etc.

**ചീപ് ജാക്കുകൾ:** അവർക്ക് ഒരു കച്ചവട പ്രദേശത്ത് താൽക്കാലിക സ്വഭാവമുള്ള സ്വതന്ത്ര ഷോപ്പുകൾ ഉണ്ട്. അവർ തങ്ങളുടെ ബിസിനസ്സ് ഒരു പ്രദേശത്ത് നിന്ന് മറ്റൊന്നിലേക്ക് മാറ്റുകയും വിലകുറഞ്ഞ ഉപഭോക്തൃ ഇനങ്ങളിലും വാച്ചുകൾ, ഷൂസ് റിപ്പയർ തുടങ്ങിയ സേവനങ്ങളിലും ഇടപാടുകൾ നടത്തുന്നു.

**II. Fixed Shop Retailers:** These are retail shops who maintain permanent establishments to sell their merchandise.

സ്ഥിരസ്ഥാപനമുള്ള ചില്ലറ വ്യാപാരികൾ: തങ്ങളുടെ ചരക്ക് വിൽക്കാൻ സ്ഥിരമായ സ്ഥാപനം നിലനിർത്തുന്ന ചില്ലറ വ്യാപാര കടകളാണ് ഇവ.

**1. Fixed Shop Small Retailers (**സ്ഥിരസ്ഥാപനമുള്ള ചെറുകിട ചില്ലറ വ്യാപാരികൾ**)**

**(i) General Stores:** They are commonly found in a local market and residential areas. Such stores remain open for long hours at convenient timings and often provide credit facilities to some of their regular customers

**പൊതു സ്റ്റോറുകൾ:** ഇവ സാധാരണയായി താമസിക്കുന്ന പ്രദേശങ്ങളിലും, പ്രാദേശിക വിപണികളിലുമാണ് കാണപ്പെടുന്നത്. അത്തരം സ്റ്റോറുകൾ സൗകര്യപ്രദമായ സമയങ്ങളിൽ മണിക്കൂറുകളോളം തുറന്നിരിക്കും കൂടാതെ അവരുടെ ചില സ്ഥിരം ഉപഭോക്താക്കൾക്ക് പലപ്പോഴും സാധനങ്ങൾ കടമായി വിൽക്കുകയും ചെയ്യുന്നു

**(ii) Specialty Shops:** These retail stores specialise in the sale of a specific line of products. For example, shops selling children's garments, men's wear, ladies shoes, toys and gifts etc.

**സവിശേഷ ഉൽപ്പന്നകടകൾ:** ഈ ചെറുകിട സ്റ്റോറുകൾ ഒരു നിർദ്ദിഷ്ട ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. ഉദാഹരണത്തിന്, കുട്ടികളുടെ വസ്ത്രങ്ങൾ, പുരുഷന്മാർക്കുള്ള വസ്ത്രങ്ങൾ, സ്ത്രീകളുടെ പാദരക്ഷകൾ, കളിപ്പാട്ടങ്ങൾ, സമ്മാനങ്ങൾ തുടങ്ങിയവ വിൽക്കുന്ന കടകൾ.

**(iii) Street Stall Holders:** are commonly found at street crossings or other places where flow of traffic is heavy. They attract floating customers and deal mainly in goods of cheap variety like hosiery products, toys, soft drinks, etc.

**തെരുവ് സ്റ്റാൾ നടത്തുന്നവർ:** തെരുവോരങ്ങളിലോ ഗതാഗതം കൂടുതലുള്ള മറ്റ് സ്ഥലങ്ങളിലോ ഇത്തരം കടകൾ സാധാരണയായി കാണപ്പെടുന്നു. അവർ, സഞ്ചരിക്കുന്ന ഉപഭോക്താക്കളെ ആകർഷിക്കുകയും കളിപ്പാട്ടങ്ങൾ, ശീതളപാനീയങ്ങൾ മുതലായ  വിലകുറഞ്ഞ ഉൽപ്പന്നങ്ങൾ കച്ചവടം ചെയ്യുന്നു.

**(iv) Second-Hand Goods Shop:** These shops deal in second-hand or used goods, like books, clothes, automobiles, furniture and other household goods. Generally, persons with modest means purchase goods from such shops.

**ഉപയോഗിച്ച സാധനങ്ങളുടെ വിൽപനശാല:** ഉപയോഗിച്ച പുസ്തകങ്ങൾ, വസ്ത്രങ്ങൾ, ഓട്ടോമൊബൈലുകൾ, ഫർണിച്ചറുകൾ, മറ്റ് വീട്ടുപകരണങ്ങൾ പോലുള്ള സാധനങ്ങൾ ഇവർ കച്ചവടം ചെയ്യുന്നു. സാധാരണ ഗതിയിൽ വരുമാനം കുറഞ്ഞ വ്യക്തികൾ അത്തരം കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നു.

**2. Fixed Shop Large Retailers (സ്ഥിരസ്ഥാപനമുള്ള വൻകിട ചില്ലറ വ്യാപാരികൾ)**

**(i) Departmental Stores:** They are large establishments offering a wide variety of products, classified into well defined departments, aimed at satisfying practically every customer's need under one roof. For example, there may be separate departments for medicines, furniture and dress material within a store.

**ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾ:** ഇവ ഒരു മേൽക്കൂരയിൽ എല്ലാ ഉപഭോക്താവിന്റെയും ആവശ്യങ്ങൾ നിറവേറ്റാൻ ലക്ഷ്യമിട്ടുള്ള, വകുപ്പുകളായി തരംതിരിച്ച് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു വലിയ സ്ഥാപനമാണ്. ഉദാഹരണത്തിന്, ഒരു സ്റ്റോറിൽ മരുന്നുകൾ, ഫർണിച്ചറുകൾ, വസ്ത്രധാരണ സാമഗ്രികൾക്കായി പ്രത്യേക വകുപ്പുകൾ ഉണ്ടായിരിക്കാം.

**(ii) Chain Stores or Multiple Shops:** Chain stores or multiple shops are networks of retail shops that are owned and operated by manufacturers or intermediaries. They establish a number of shops with similar appearance in different parts of the country and deals in standardised and branded consumer products.

**ശൃംഖലാ സ്റ്റോറുകൾ:** നിർമ്മാതാക്കളുടെയോ ഇടനിലക്കാരുടെയോ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കുന്ന ചില്ലറ വിൽപ്പന ശാലകളുടെ ശൃംഖലയാണ്. അവർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാന രൂപത്തിലുള്ള നിരവധി ഷോപ്പുകൾ സ്ഥാപിക്കുകയും ഗുണനിലവാരമുള്ള, ബ്രാൻഡഡ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നു.

**(iii) Mail Order Houses:** Mail order houses are the retail outlets that sell their merchandise through mail. For obtaining orders, potential customers are approached through advertisements in newspapers or magazines. Circulars, catalogues, samples and bills, and price lists are sent to them by post.

**മെയിൽ ഓർഡർ സ്ഥാപനങ്ങൾ:** മെയിൽ അഥവാ പോസ്റ്റ് ഓഫീസ് മുഖേന ഉൽപ്പന്നങ്ങൾ വിൽക്കുന്ന വില്പനശാലകളാണ്. ഓർഡറുകൾ ലഭിക്കുന്നതിന് സാധ്യതയുള്ള ഉപഭോക്താക്കളെ പത്രങ്ങളിലോ മാസികകളിലോ ഉള്ള പരസ്യങ്ങളിലൂടെ സമീപിക്കുന്നു. സർക്കുലറുകൾ, കാറ്റലോഗുകൾ, സാമ്പിളുകൾ, ബില്ലുകൾ, വിലവിവരപ്പട്ടികകൾ എന്നിവ തപാൽ വഴി അവർക്ക് അയയ്ക്കുന്നു.

**(iv) Consumer Cooperative Stor**e: is an organisation owned, managed and controlled by consumers themselves. Their main objective is to reduce the number of middlemen and provide service to the members. The cooperative stores generally buy in large quantities, from manufacturers or wholesalers and sell them to the consumers at reasonable prices.

**ഉപഭോക്തൃ സഹകരണ സംഘങ്ങൾ:** ഉപഭോക്താക്കളുടെ ഉടമസ്ഥതയിലുള്ളതും അവരുടെ നിയന്ത്രണത്തിലുള്ളതുമായ ഒരു സ്ഥാപനമാണ് ഇത്. ഇടനിലക്കാരുടെ എണ്ണം കുറയ്ക്കുകയും അംഗങ്ങൾക്ക് സേവനം നൽകുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. ഉപഭോക്തൃ സഹകരണ സംഘങ്ങൾ സാധാരണയായി നിർമ്മാതാക്കളിൽ നിന്നോ മൊത്തക്കച്ചവടക്കാരിൽ നിന്നോ വലിയ അളവിൽ വാങ്ങുകയും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നു.

**(v) Supermarkets:** A supermarket is a large retailing business unit selling a wide variety of consumer goods on the basis of low price appeal, wide variety and assortment, self-service and heavy emphasis on merchandising appeal. Supermarkets are generally situated at the main shopping centres.


**സൂപ്പർമാർക്കറ്റുകൾ:** കുറഞ്ഞ വിലയുടെ ആകർഷണം, വൈവിധ്യമാർന്ന ശേഖരണം, സ്വയം സേവനം, ഉത്പന്നങ്ങളുടെ വർഗീകരണം, ഉല്പന്നങ്ങളിലൂടെ ശ്രദ്ധപിടിച്ചുപറ്റുക എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധതരം ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഒരു വലിയ റീട്ടെയിലിംഗ് ബിസിനസ് യൂണിറ്റാണ് സൂപ്പർ മാർക്കറ്റ്. പ്രധാന ഷോപ്പിംഗ് കേന്ദ്രങ്ങളിലാണ് പൊതുവെ സൂപ്പർ മാർക്കറ്റുകൾ സ്ഥിതി ചെയ്യുന്നത്.

**(vi) Vending Machines:** It's an automated coin or card operated machine that sells several products such as platform tickets, milk, soft drinks etc. Vending machines can be useful for selling pre-packed brands of low priced products which have high turnover.

**വെൻഡിംഗ് മെഷീനുകൾ/ സ്വയം വില്പനയന്ത്രങ്ങൾ:** പ്ലാറ്റ്ഫോം ടിക്കറ്റുകൾ, പാൽ, ശീതളപാനീയങ്ങൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഒരു ഓട്ടോമാറ്റിക് കോയിൻ/കാർഡ് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന മെഷീനാണിത്. മുൻകൂട്ടി പായ്ക്ക് ചെയ്ത ബ്രാൻഡുകൾ, ഉയർന്ന വിറ്റുവരവുള്ളതും കുറഞ്ഞ വിലയുള്ള ഉൽപ്പന്നങ്ങൾ വിൽക്കാനും ഇവ ഉപയോഗപ്രദമാണ്.

**GOODS AND SERVICES TAX:** GST is a destination-based single tax on the supply of goods and services from the manufacturer to the consumer.

**ചരക്ക് സേവന നികുതി:** നിർമ്മാതാവിൽ നിന്ന് ഉപഭോക്താവിലേക്കുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിന് ലക്ഷ്യസ്ഥാനം അടിസ്ഥാനമാക്കിയുള്ള ഒറ്റ നികുതിയാണ് ജിഎസ്ടി.




| Key Features of GST: | ജിഎസ്ടിയുടെപ്രധാന സവിശേഷതകൾ |
|---|---|
| 1. One nation, one tax. | 1. ഒരു രാജ്യം ഒരു നികുതി. |
| 2. GST is applicable on the 'supply' of goods or services. | 2. ചരക്കുകളുടെയോ സേവനങ്ങളുടെയോ 'വിതരണ'ത്തിന് GST ബാധകമാണ്. |
| 3. It is based on the principle of destination-based consumption tax. | 3. ഇത് ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗ നികുതിയുടെ തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. |
| 4. Import of goods and services is treated as inter-State supplies and is subject to IGST and customs duties. | 4. ചരക്കുകളുടെയും സേവനങ്ങളുടെയും ഇറക്കുമതി അന്തർസംസ്ഥാന സപ്ലൈസ് ആയി കണക്കാക്കുകയും IGST, കസ്റ്റംസ് തീരുവകൾ എന്നിവയ്ക്ക് വിധേയമാണ്. |
| 5. CGST, SGST and IGST are levied at rates set by the GST Council. | 5. സിജിഎസ്ടി, എസ്ജിഎസ്ടി, ഐജിഎസ്ടി എന്നിവ ജിഎസ്ടി കൗൺസിൽ നിശ്ചയിച്ച നിരക്കിൽ ചുമത്തുന്നു. |

## CHAPTER - 11

# International Business I (അദ്ധ്യായം 11 - അന്താരാഷ്ട്ര ബിസിനസ്സ് I)

**Internal Business:** Business transaction taking place within the geographical boundaries of a nation is known as domestic or national business or internal business or home Trade.
**ആഭ്യന്തര വ്യാപാരം:** ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ നടക്കുന്ന ബിസിനസ്സ് ഇടപാടിനെ ആഭ്യന്തര വ്യാപാരം അല്ലെങ്കിൽ ദേശീയ വ്യാപാരം അല്ലെങ്കിൽ ആന്തരിക വ്യാപാരം അല്ലെങ്കിൽ ഗാർഹിക വ്യാപാരം എന്ന് വിളിക്കുന്നു.

**International Business:** Transactions takes place between two or more countries beyond thier boundaries is known as international business or External Business or Foreign Trade
**അന്താരാഷ്ട്ര ബിസിനസ്സ് :** രണ്ടോ അതിലധികമോ രാജ്യങ്ങൾ തമ്മിൽ അതിരുകൾക്കപ്പുറമുള്ള ഇടപാടുകൾ അന്താരാഷ്ട്ര ബിസിനസ് അല്ലെങ്കിൽ ബാഹ്യ ബിസിനസ് അല്ലെങ്കിൽ വിദേശ വ്യാപാരം എന്നറിയപ്പെടുന്നു.

**Difference between Domestic and International Business**
**ആഭ്യന്തര, അന്തർദേശീയ ബിസിനസുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ**

| Basis<br>അടിസ്ഥാനം | Domestic Business<br>ആഭ്യന്തര വ്യാപാരം | International Business<br>അന്താരാഷ്ട്ര വ്യാപാരം |
|---|---|---|
| (i) Nationality of buyers and sellers<br>വാങ്ങുന്നവരുടെയും വിൽക്കുന്നവരുടെയും പൗരത്വം | Bother buyers and sellers belongs to one country<br>വാങ്ങുന്നവരും വിൽക്കുന്നവരും ഒരു രാജ്യക്കാരായിരിക്കും | Buyers and sellers from different countries<br>വാങ്ങുന്നവരും വിൽക്കുന്നവരും വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരായിരിക്കും |
| (ii) Nationality of other stakeholders<br>മറ്റു കക്ഷികളുടെ പൗരത്വം | Stakeholders like suppliers, employees, middlemen, etc. are belongs to one country<br>വിതരണക്കാർ, ജീവനക്കാർ, ഇടനിലക്കാർ തുടങ്ങിയവർ ഒരേ രാജ്യത്തെ പൗരന്മാരായിരിക്കും | The stakeholders are from different countries<br>കക്ഷികൾ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരായിരിക്കും |
| (iii) Mobility of factors of production<br>ഉൽപ്പാദന ഘടകങ്ങളുടെ ചലനാത്മകത | The degree of mobility of factors like labour and capital is generally more<br>തൊഴിൽ, മൂലധനം മുതലായ ഉൽപ്പാദന ഘടകങ്ങളുടെ ചലനാത്മകത | The degree of mobility of these factors are less<br>ഈ ഘടകങ്ങളുടെ ചലനാത്മകതയുടെ അളവ് കുറവാണ് |

| | | |
|---|---|---|
| | പൊതുവെ കൂടുതലാണ് | |
| (iv) Accounts settlement<br>അക്കൗണ്ട് സെറ്റിൽമെന്റ് | Accounts are settled in national currency<br>അക്കൗണ്ടുകൾ ദേശീയ കറൻസിയിൽ തീർപ്പാക്കുന്നു | Accounts are settled in foreign currency<br>അക്കൗണ്ടുകൾ വിദേശ കറൻസിയിൽ തീർപ്പാക്കുന്നു |
| (v) Business regulations and policies<br>ബിസിനസ് നിയന്ത്രണങ്ങളും നയങ്ങളും | Subject to the regulations and laws of only one country<br>ഒരു രാജ്യത്തിന്റെ മാത്രം നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും വിധേയമാണ് | Subject to regulations and laws of different countries വിവിധ രാജ്യങ്ങളിലെ നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും വിധേയമാണ് |
| (vi) Currency used in business transactions<br>ബിസിനസ്സിൽ ഇടപാടുകളിൽ ഉപയോഗിക്കുന്ന കറൻസി | Currency of domestic country is used<br>ആഭ്യന്തര കറൻസി ഉപയോഗിക്കുന്നു | It uses currencies of more than one country<br>ഇത് ഒന്നിലധികം രാജ്യങ്ങളുടെ കറൻസികൾ ഉപയോഗിക്കുന്നു |

| **Importance of International Business** | **അന്താരാഷ്ട്ര ബിസിനസ്സിന്റെ പ്രാധാന്യം** |
|---|---|
| 1) It helps a country to dispose of surplus goods in exchange of scarce one<br><br>2) It maintains price stability across the world<br>3) It helps to create better relation with other nations<br>4) It helps to earn foreign exchange<br>5) It provide greater employment opportunities<br>6) It increases the standard of living of people | 1) മിച്ചമുള്ള സാധനങ്ങൾ ദുർലഭമായ ഒന്നിന് പകരമായി വിനിയോഗിക്കാൻ ഇത് ഒരു രാജ്യത്തെ സഹായിക്കുന്നു<br>2) ഇത് ലോകമെമ്പാടും വില സ്ഥിരത നിലനിർത്തുന്നു<br>3) മറ്റ് രാജ്യങ്ങളുമായി മികച്ച ബന്ധം സൃഷ്ടിക്കാൻ ഇത് സഹായിക്കുന്നു<br>4) ഇത് വിദേശനാണ്യം നേടാൻ സഹായിക്കുന്നു<br>5) ഇത് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നു<br>6) ഇത് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നു |

**Benefits of International Business(അന്താരാഷ്ട്ര ബിസിനസ്സിന്റെ നേട്ടങ്ങൾ)**

| | |
|---|---|
| **(a) Benefits to Countries**<br>1. It helps to earn foreign exchange<br>2. It helps in efficient utilisation of resources<br>3. Improving growth prospects and | **(a) രാഷ്ട്രങ്ങൾക്കുള്ള നേട്ടങ്ങൾ**<br>**1.** ഇത് വിദേശനാണ്യം നേടുന്നതിന് സഹായിക്കുന്നു<br>2. വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിന് ഇത് സഹായിക്കുന്നു |

| | |
|---|---|
| employment opportunities<br>4. It Increases the standard of living<br>**(b) Benefits to Firms**<br>1. It brings higher profit for home firms<br>2. Increased capacity utilisation<br>3. Prospects for growth and expansion of home firms<br>4. Way out to intense competition in domestic market<br>5. Improved business vision | 3. വളർച്ചാ സാധ്യതകളും തൊഴിലവസരങ്ങളും മെച്ചപ്പെടുത്തുന്നു<br>4. ഇത് ജീവിത നിലവാരം ഉയർത്താൻ സഹായിക്കുന്നു<br>**(b) സ്ഥാപനങ്ങൾക്കുള്ള നേട്ടങ്ങൾ**<br>**1.** ഇത് തദ്ദേശീയ ഗാർഹിക സ്ഥാപനങ്ങൾക്ക് ഉയർന്ന ലാഭം നൽകുന്നു<br>2. ഉപയോഗക്ഷമതാ ശേഷി വർധിപ്പിക്കാൻ സഹായിക്കുന്നു<br>3. തദ്ദേശീയ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വിപുലീകരണത്തിനുമുള്ള സാധ്യതകളെ സഹായിക്കുന്നു<br>4. ആഭ്യന്തര വിപണിയിലെ കടുത്ത മത്സരം കുറക്കുന്നു<br>5. മെച്ചപ്പെട്ട ബിസിനസ്സ് ദർശനം സാധ്യമാക്കുന്നു |

**Modes of Entry into International Business**
**(അന്തർദേശീയ ബിസിനസ്സ് പ്രവേശനത്തിനുള്ള മാർഗ്ഗങ്ങൾ)**

**1. Exporting and Importing (കയറ്റുമതിയും ഇറക്കുമതിയും)**

Export refers to sending of goods and services from the home country to foreign countries for sale. Importing refers to purchasing of goods and services from foreign countries to home country for domestic use.

കയറ്റുമതി എന്നത് മാതൃരാജ്യത്ത് നിന്ന് വിദേശ രാജ്യങ്ങളിലേക്ക് ചരക്കുകളും സേവനങ്ങളും വിൽപ്പനയ്ക്കായി അയയ്ക്കുന്നതിനെ സൂചിപ്പിക്കുന്നു. ആഭ്യന്തര ഉപയോഗത്തിനായി വിദേശ രാജ്യങ്ങളിൽ നിന്ന് മാതൃരാജ്യത്തേക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനെയാണ് ഇറക്കുമതി എന്ന് പറയുന്നത്

**2. Contract Manufacturing (കരാറടിസ്ഥാനത്തിൽ നിർമ്മാണം)**

Contract manufacturing refers to a type of international business where the firm enters into a contract with one or a few local manufacturers in foreign countries to get certain components or goods produced as per its specifications. It is also known as outsourcing.

ഇവിടെ ഒരു കമ്പനി വിദേശത്തുള്ള ഒരു പ്രാദേശികകമ്പനിയുമായി കരാറിലേർപ്പെടുകയും പ്രസ്തുത വിദേശ കമ്പനി പ്രത്യേക നിർദ്ദേശപ്രകാരമുള്ള ചില ഉത്പന്നങ്ങൾ നിർമ്മിച്ച് നൽകുകയും ചെയ്യുന്നു.ഇതിനെ ഔട്ട്സോഴ്സിംഗ് എന്നും വിളിക്കുന്നു.

**3. Licensing and Franchising (ലൈസൻസിംഗും ഫ്രാഞ്ചൈസിംഗും)**

ഒരു നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ഒരു രാജ്യത്തെ കമ്പനി വിദേശ രാജ്യത്തെ മറ്റൊരു കമ്പനിക്ക് അതിന്റെ വ്യാപാരമുദ്ര, പേറ്റന്റുകൾ അല്ലെങ്കിൽ പകർപ്പവകാശം എന്നിവ ഉപയോഗിച്ച് ബിസിനസ്സ് നടത്താനുള്ള അനുമതി നല്കുന്നതിനെയാണ് ഫ്രാഞ്ചൈസിംഗ് എന്ന് പറയുന്നത്. അത്തരം

അനുമതി നൽകുന്ന സ്ഥാപനത്തെ ഫ്രാഞ്ചൈസർ എന്നും അനുLicensing is a contractual arrangement in which the one firm grants access to its patents, trade secrets or technology to another firm in a foreign country for a fee called royalty. The firm that grants such permission is called Licensor and to whom permission is given is called Licensee.

ഒരു സ്ഥാപനം അതിന്റെ പേറ്റന്റുകൾ, വ്യാപാര രഹസ്യങ്ങൾ , സാങ്കേതിക വിദ്യകൾ വിദേശരാജ്യത്തെ മറ്റൊരു സ്ഥാപനത്തിന് റോയൽറ്റി എന്ന് വിളിക്കുന്ന നിശ്ചിത തുകയ്ക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്ന ഒരു കരാർ ക്രമീകരണമാണ് ലൈസൻസിംഗ്. അത്തരം അനുമതി നൽകുന്ന സ്ഥാപനത്തെ ലൈസൻസർ എന്നും അനുമതി ലഭിക്കുന്ന സ്ഥാപനത്തെ ലൈസൻസി എന്നും വിളിക്കുന്നു.

Franchising refers to granting permission by the parent company to another company in a foreign country to provide service under its trade mark, patents or copyright for a fee. The firm that grants such permission is called Franchiser and to whom permission is given is called Franchisee. മതി ലഭിക്കുന്ന സ്ഥാപനത്തെ ഫ്രാഞ്ചൈസി എന്നും വിളിക്കുന്നു.

**4. Joint Ventures(സംയുക്ത സംരംഭങ്ങൾ):** Joint venture means establishing a firm that is jointly owned by two or more independent firms.

സംയുക്ത സംരംഭം എന്നാൽ രണ്ടോ അതിലധികമോ സ്വതന്ത്ര സ്ഥാപനങ്ങളുടെ സംയുക്ത ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനം സ്ഥാപിക്കുക എന്നാണ്.

**5. Wholly owned subsidiaries പൂർണ്ണമായും ഉടമസ്ഥതയിലുള്ള ഉപസ്ഥാപനങ്ങൾ**

When the parent company acquires the full control over the foreign company by making 100% investment in its equity capital, it is called wholly owned subsidiary Company.

ഒരു മാതൃ കമ്പനി അതിന്റെ ഇക്വിറ്റി മൂലധനത്തിൽ 100% നിക്ഷേപം നടത്തി ഒരു വിദേശ കമ്പനിയുടെ മേൽ പൂർണ്ണ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ, അതിനെ പൂർണ്ണമായും ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനി എന്ന് വിളിക്കുന്നു.

# CHAPTER - 12

## International business  II (അദ്ധ്യായം  12 – അന്താരാഷ്ട്ര ബിസിനസ്സ്  II)

### Export Trade and Import Trade (ഇറക്കുമതി കച്ചവടവും കയറ്റുമതി കച്ചവടവും )

Export trade refers to sale of domestic goods to a foreign country. Import trade refers to purchase of goods from a foreign country for domestic use.

കയറ്റുമതി വ്യാപാരം എന്നത് ഒരു വിദേശ രാജ്യത്തേക്ക് ആഭ്യന്തര ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇറക്കുമതി വ്യാപാരം എന്നാൽ ഗാർഹിക ആവശ്യത്തിനായി ഒരു വിദേശ രാജ്യത്ത് നിന്ന് സാധനങ്ങൾ വാങ്ങുന്നതിനെ സൂചിപ്പിക്കുന്നു.

### Export Procedure (കയറ്റുമതി നടപടിക്രമങ്ങൾ)

1) Receipt of Enquiry and Sending Quotations (അന്വേഷണം സ്വീകരിക്കലും ക്വട്ടേഷൻ അയച്ചുകൊടുക്കലും )
2) Receipt of Order or Indent (ഓർഡർ അല്ലെങ്കിൽ ഇൻഡന്റ് സ്വീകരിക്കൽ)
3) Assessing importer’s creditworthiness and securing a guarantee for payments (ഇറക്കുമതിക്കാരന്റെ കടയോഗ്യത വിലയിരുത്തലും പണമടക്കുന്നതിന് ഗ്യാരന്റി നേടലും )
4) Obtaining export License (കയറ്റുമതി ലൈസൻസ് സമ്പാദിക്കൽ)
5) Obtaining pre-shipment finance (ഷിപ്മെന്റിന് മുൻപ് ആവശ്യമായ ധനം സ്വരൂപിക്കൽ)
6) Production or procurement of goods (ചരക്കുകളുടെ ഉത്പാദനം അല്ലെങ്കിൽ സംഭരണം)
7) Pre-shipment Inspection (ഷിപ്മെന്റിന് മുൻപുള്ള  പരിശോധന)
8) Excise Clearance (എക്സൈസ് ക്ലിയറൻസ്)
9) Obtaining Certificate of Origin (സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ  നേടൽ)
10) Reservation of Shipping Space (ഷിപ്പിംഗിന് സൗകര്യം മുൻകൂട്ടി ഏർപ്പാടാക്കൽ)
11) Packing and Forwarding (സാധനങ്ങൾ പാക്ക് ചെയ്യലും അയക്കലും)
12) Insurance of Goods (ചരക്കുകളുടെ  ഇൻഷുറൻസ്)
13) Customs Clearance (കസ്റ്റംസ് ക്ലിയറൻസ്)
14) Obtaining Mates Receipts (മേറ്റ്സ് രസീതുകൾ ലഭ്യമാക്കൽ )
15) Payment of Freight and Issuance of Bill of Lading (ചരക്ക് കൂലി കൊടുക്കലും ബിൽ ഓഫ് ലാഡിംഗ് പുറപ്പെടുവിക്കലും )
16) Preparation of Export Invoice (കയറ്റുമതി ഇൻവോയ്സ് തയ്യാറാക്കൽ)
17) Securing Payments (പണം ഈടാക്കൽ )

## Export Documents (കയറ്റുമതി ഇടപാടിലെ രേഖകൾ )

**1. Proforma Invoice:** It is a document that contains details about the price, quality, grade, size, weight, mode of delivery, type of packing and payment terms.
**പ്രോഫോർമ ഇൻവോയ്സ്:** വില, ഗുണനിലവാരം, ഗ്രേഡ്, വലിപ്പം, ഭാരം, ഡെലിവറി രീതി, പാക്കിംഗ് തരം, പേയ്മെന്റ് നിബന്ധനകൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രേഖയാണിത്.

**2. Indent:** The document containing description of goods, price, delivery terms, etc. called Indent or order.
**ഇൻഡന്റ്:** സാധനങ്ങളുടെ വിവരണം, വില, ഡെലിവറി നിബന്ധനകൾ മുതലായവ ഉൾക്കൊള്ളുന്ന രേഖയെ ഇൻഡന്റ് അല്ലെങ്കിൽ ഓർഡർ എന്ന് വിളിക്കുന്നു.

**3. Letter of Credit (LC):** A Letter of Credit is a guarantee issued by the importer's bank that it will honour payment up to a certain amount of export bills to the bank of the exporter.
**ലെറ്റർ ഓഫ് ക്രെഡിറ്റ് (എൽസി):** കയറ്റുമതി ചെയ്യുന്നയാളുടെ ബാങ്കിലേക്ക് ഒരു നിശ്ചിത തുക വരെ നൽകാം എന്ന് ഇറക്കുമതി ക്കാരന്റെ ബാങ്ക് നൽകുന്ന ഗ്യാരണ്ടിയാണ് ലെറ്റർ ഓഫ് ക്രെഡിറ്റ്.

**4. Certificate of origin:** This is a certificate specifies the country in which goods are being produced.
**സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ:** ഏത് രാജ്യത്താണ് സാധനങ്ങൾ നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കുന്ന ഒരു സർട്ടിഫിക്കറ്റാണിത്.

**5. Shipping order**: A shipping order is an instruction to the captain of the ship that the specified goods after customs clearance at a designated port be received on board.
**ഷിപ്പിംഗ് ഓർഡർ:** ഒരു നിയുക്ത തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസിന് ശേഷം നിർദ്ദിഷ്ട സാധനങ്ങൾ കപ്പലിൽ സ്വീകരിക്കുന്നതിന് കപ്പലിന്റെ ക്യാപ്റ്റന് നൽകുന്ന നിർദ്ദേശമാണ് ഷിപ്പിംഗ് ഓർഡർ.

**6. Packing List:** A packing list is a document stating the number of cases or packs and the details of goods contained in these packs.
**പാക്കിംഗ് ലിസ്റ്റ്:** ഒരു പാക്കിംഗ് ലിസ്റ്റ് എന്നത് പായ്ക്കുകളുടെ എണ്ണവും ഈ പായ്ക്കുകളിൽ അടങ്ങിയിരിക്കുന്ന സാധനങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുന്ന ഒരു രേഖയാണ്.

**7. Shipping Bill**: A shipping bill is a document containing particulars of goods, name of the vessel, port at which goods are to be discharged, country of final destination, exporter's name, address, etc. based on which permission is granted by customs office for export.
**ഷിപ്പിംഗ് ബിൽ:** ചരക്കുകളുടെ വിശദാംശങ്ങൾ, കപ്പലിന്റെ പേര്, ചരക്ക് ഡിസ്ചാർജ് ചെയ്യേണ്ട തുറമുഖം, അന്തിമ ലക്ഷ്യസ്ഥാനം, കയറ്റുമതി ചെയ്യുന്നയാളുടെ പേര്, വിലാസം മുതലായവയെ അടിസ്ഥാനമാക്കി കസ്റ്റംസ് ഓഫീസ് അനുമതി നൽകുന്ന ഒരു രേഖയാണ് ഷിപ്പിംഗ് ബിൽ.

**8. Carting order**: It is an instruction to the staff at the gate of the port to allow the cargo inside the dock.

**കാർട്ടിംഗ് ഓർഡർ:** ഡോക്കിനുള്ളിൽ ചരക്ക് കടത്തിവിടാൻ തുറമുഖത്തിന്റെ ഗേറ്റിലെ ജീവനക്കാർക്കുള്ള നിർദ്ദേശമാണിത്.

**9. Mate's Receipt:** A mate's receipt is a receipt issued by the mate or captain of the ship which includes information about the name of the vessel, berth, date of shipment, description of packages, marks and numbers, condition of the cargo at the time of receipt on board , etc.

**മേറ്റ്സ് രസീത്:** കപ്പലിന്റെ പേര്, ബെർത്ത്, കയറ്റുമതി തീയതി, പാക്കേജുകളുടെ വിവരണം, മാർക്കുകൾ, നമ്പറുകൾ, ചരക്കിന്റെ അവസ്ഥ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്ന കപ്പലിന്റെ മേറ്റ് അല്ലെങ്കിൽ ക്യാപ്റ്റൻ നൽകുന്ന രസീത് ആണ് മേറ്റ്സ് രസീത്.

**10. Bill of Lading:** Bill of Lading is a document wherein the shipping company gives its official receipt for goods shipped in one of its vessels and at the same time contract to carry them at the port of destination.

**ബിൽ ഓഫ് ലേഡിംഗ്:** ബിൽ ഓഫ് ലേഡിംഗ് എന്നത് കപ്പൽ കമ്പനി അതിന്റെ ഒരു കപ്പലിൽ ചരക്കുകൾ കയറ്റി എന്നതിന്റെയും അത് നിശ്ചിത ലക്ഷ്യസ്ഥാനത്തുള്ള തുറമുഖത്ത് എത്തിക്കാമെന്ന കരാറിന്റെയും ഔദ്യോഗിക രസീതിയാണ് ബിൽ ഓഫ് ലേഡിംഗ്.

**11. Airway bill:** It is a document wherein an airline company issues its official receipt of the goods on board its aircraft, and gives an undertaking to carry them to the port of destination.

**എയർവേ ബിൽ:** ഒരു എയർലൈൻ കമ്പനി തങ്ങളുടെ വിമാനത്തിൽ കയറ്റിയ ചരക്കിന് തെളിവായും അവ ലക്ഷ്യസ്ഥാനത്തു എത്തിക്കാമെന്ന ഉറപ്പിനും കൂടി എയർ ലൈൻ കമ്പനി നൽകുന്ന ഒരുദ്യോഗിക രേഖയാണ് എയർവേ ബിൽ.

**12. Bill of exchange**: A bill of exchange is an order to the importer to pay a certain sum of money to or to the order of a certain person or the bearer of the instrument.

**ബിൽ ഓഫ് എക്സ്ചേഞ്ച് :** ഒരു നിശ്ചിത തുക ഒരു നിശ്ചിത വ്യക്തിക്കോ അല്ലെങ്കിൽ അയാളുടെ ആജ്ഞപ്രകാരമോ, അല്ലെങ്കിൽ കൈവശക്കാരനോ നൽകാമെന്ന് ഇറക്കുമതിക്കാരനോട് ആജ്ഞാപിക്കുന്ന ഒരു രേഖയാണ് ബിൽ ഓഫ് എക്സ്ചേഞ്ച്.

**13. Marine Insurance**: It is a certificate of insurance contract whereby the insurer agrees to indemnify the insured against losses in sea perils.

**മറൈൻ ഇൻഷുറൻസ്:** പ്രീമിയം കൈപറ്റിക്കൊണ്ട് കടൽ മാർഗ്ഗമുള്ള യാത്രയിലുണ്ടാവുന്ന നഷ്ടസാധ്യതകൾക്ക് ഇൻഷുറൻസ് എടുത്തയാൾക്ക് നഷ്ട പരിഹാരം നൽകാമെന്ന് സമ്മതിച്ചുകൊണ്ട് ഇൻഷുറൻസ് കമ്പനി പുറപ്പെടുവിക്കുന്ന കരാറാണ് ഇത്.

**14. Letter of indemnity**: It is an undertaking given by the exporter to his bank to make good the loss in the event of non receipt of payment from the importer.

**ലെറ്റർ ഓഫ് ഇൻഡെമിനിറ്റി :** ഇറക്കുമതിക്കാരനിൽ നിന്ന് പണം ലഭിക്കാത്ത സാഹചര്യത്തിൽ നഷ്ടം നികത്താൻ കയറ്റുമതിക്കാരൻ തന്റെ ബാങ്കിന് നൽകുന്ന ഒരു അണ്ടർടേക്കിംഗാണിത്.

## Import Procedure (ഇറക്കുമതി നടപടിക്രമങ്ങൾ)

1) Trade enquiry (വ്യാപാര അന്വേഷണം)

2) Procurement of import licence ( ഇറക്കുമതി ലൈസൻസ് നേടൽ)
3) Obtaining foreign exchange ( വിദേശനാണ്യം സമ്പാദിക്കൽ)
4) Placing order or indent (ഓർഡർ അല്ലെങ്കിൽ ഇൻഡന്റ് നൽകൽ )
5) Obtaining letter of credit (ലെറ്റർ ഓഫ് ക്രെഡിറ്റ്  നേടൽ)
6) Arranging for finance (ധനം സ്വരൂപിക്കൽ)
7) Receipt of shipment advice (ഷിപ്മെന്റ് അഡ്വൈസ് സ്വീകരിക്കൽ )
8) Retirement of import documents (ഇറക്കുമതി പ്രമാണങ്ങളുടെ റിട്ടയർമെന്റ്)_
9) Arrival of goods (ചരക്കുകളുടെ എത്തിച്ചേരൽ)
10) Customs clearance and release of goods (കസ്റ്റംസ് ക്ലിയറൻസും ചരക്കുകൾ വിട്ടുകൊടുക്കലും )

## Import Documents (ഇറക്കുമതി ഇടപാടിലെ രേഖകൾ )

### 1. Trade Enquiry (വ്യാപാര അന്വേഷണം)

It is a written request by the importer to the foreign supplier to supply information regarding price and other terms and conditions for exporting goods
സാധനങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള വിലയും മറ്റ് നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങൾ നൽകാൻ  ഇറക്കുമതി  ചെയ്യുന്നയാൾ  വിദേശ രാജ്യത്തെ വിതരണക്കാരന് അയക്കുന്ന രേഖാമൂലമുള്ള അഭ്യർത്ഥനയാണ് വ്യാപാര അന്വേഷണം.

### 2. Proforma Invoice (പ്രോഫോർമ ഇൻവോയ്സ്)

It is a document which includes details such as quality, grade, design, size, wight, Price and the terms and conditions on which export will take place.
ഗുണനിലവാരം, ഗ്രേഡ്, ഡിസൈൻ, വലിപ്പം, തൂക്കം, വില, കയറ്റുമതിയുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും തുടങ്ങിയ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങളടങ്ങുന്ന  ഒരു രേഖയാണിത്.

### 3. Import Order or Indent (ഇറക്കുമതി ഓർഡർ അല്ലെങ്കിൽ ഇൻഡന്റ്)

It is a document in which the importer places order for supply of goods to the exporter which contains information regarding price, quality, quantity, size, grade, etc. of goods and other terms and conditions of import.
ചരക്കുകളുടെ വില, ഗുണനിലവാരം, അളവ്, വലിപ്പം, ഗ്രേഡ് മുതലായവയും ഇറക്കുമതിയുടെ മറ്റ് നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഇറക്കുമതിക്കാരൻ കയറ്റുമതിക്കാരന് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഓർഡർ നൽകുന്ന ഒരു രേഖയാണിത്.

### 4. Letter of credit (ലെറ്റർ ഓഫ് ക്രെഡിറ്റ്)

It is document which contains a guarantee from the importer's bank to the exporter's bank stating that it is undertaking to honour the payment up to a certain amount of the bills issued by the exporter for the goods exported.
കയറ്റുമതി ചെയ്യുന്ന ചരക്കുകൾക്കായി കയറ്റുമതിക്കാരൻ നൽകുന്ന ബില്ലുകളുടെ ഒരു നിശ്ചിത തുക വരെ കയറ്റുമതിക്കാരന്റെ ബാങ്കിലേക്ക് നൽകാമെന്ന് ഗ്യാരന്റി നൽകുന്ന ഒരു രേഖയാണിത്.

**5. Shipment advice (ഷിപ്മെന്റ് അഡ്വൈസ് )**

It is a document sent by the exporter to the importer containing information about the shipment of goods.
ചരക്കുകളുടെ കയറ്റുമതിയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾകൊള്ളുന്ന അടങ്ങിയ കയറ്റുമതിക്കാരൻ ഇറക്കുമതിക്കാരന് അയച്ചുകൊടുക്കുന്ന ഒരു രേഖയാണിത്.

**6. Bill of Lading (ബിൽ ഓഫ് ലേഡിംഗ് )**

It is document wherein the shipping company gives its official receipt for goods shipped in one of its vessel and contract to carry them at the port of destination.
ബിൽ ഓഫ് ലേഡിംഗ് എന്നത് കപ്പൽ കമ്പനി അതിന്റെ ഒരു കപ്പലിൽ ചരക്കുകൾ കയറ്റി എന്നതിന്റെയും അത് നിശ്ചിത ലക്ഷ്യസ്ഥാനത്തുള്ള തുറമുഖത്ത് എത്തിക്കാമെന്ന കരാറിന്റെയും ഔദ്യോഗിക രസീതിയാണ് ബിൽ ഓഫ് ലേഡിംഗ്.

**7. Airway Bill (എയർവേ ബിൽ )**

It is a document wherein, an airline company issues its official receipt of the goods on board its aircraft, and given an undertaking to carry them to the port of destination.
ഒരു എയർലൈൻ കമ്പനി തങ്ങളുടെ വിമാനത്തിൽ കയറ്റിയ ചരക്കിന് തെളിവായും അവ ലക്ഷ്യസ്ഥാനത്ത് എത്തിക്കാമെന്ന ഉറപ്പിനും കൂടി എയർ ലൈൻ കമ്പനി നൽകുന്ന ഒരുദ്യോഗിക രേഖയാണ് എയർവേ ബിൽ.

**8. Bill of Entry (ബിൽ ഓഫ് എൻട്രി )**

It is a form supplied by the customs office to the importer for filling and submitting for assessment of customs import duty.
ഇറക്കുമതി തീരുവയുടെ മൂല്യനിർണയത്തിനായി പൂരിപ്പിക്കുന്നതിനും സമർപ്പിക്കുന്നതിനുമായി ഇറക്കുമതിക്കാരന് കസ്റ്റംസ് ഓഫീസ് നൽകുന്ന ഒരു ഫോമാണിത്.

**9. Bill of exchange (ബിൽ ഓഫ് എക്സ്ചേഞ്ച് )**

It is an order to the importer to pay a certain sum of money to, to the order of a certains person or to the bearer of the instrument.
ഒരു നിശ്ചിത തുക ഒരു നിശ്ചിത വ്യക്തിക്കോ അല്ലെങ്കിൽ അയാളുടെ ആജ്ഞപ്രകാരമോ, അല്ലെങ്കിൽ കൈവശക്കാരനോ നൽകാമെന്ന് ഇറക്കുമതിക്കാരനോട് ആജ്ഞാപിക്കുന്ന ഒരു രേഖയാണ് ബിൽ ഓഫ് എക്സ്ചേഞ്ച്.

**10. Import general manifest (ഇമ്പോർട്ട് ജനറൽ മാനിഫെസ്റ്റ് )**

It is a document which contains the details of imported goods and on the basis of which the cargo is unloaded.
ഇറക്കുമതി ചെയ്ത ചരക്കുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രേഖയാണിത് .